# ഇസ്ലാമിക ചരിത്ര പാഠങ്ങൾ

## ഭാഗം നാല്



4

بسم الله الرحمن الرحيم

# ഇസ്‌ലാമിക ചരിത്രപാഠങ്ങൾ

# 4

بسم الله الرحمن الرحيم

الحمد لله وحده والصلاة والسلام على من لا نبي بعده وآله وصحبه أجمعين

# പ്രസ്താവന

മൂന്ന് അദ്ധ്യായങ്ങളിലായി മുഹമ്മദ് നബി ﷺ യുടെ ചരിത്രവും മാതൃകാജീവിതവും പഠിപ്പിക്കുകയും ഒരു അദ്ധ്യായത്തിൽ ഖുലഫാഉർറാശിദുകളുടെ ഭരണം പരിചയപ്പെടുത്തുകയും ചെയ്യുന്നു.

അദ്ധ്യാപകർ ഉള്ളടക്കം വിദ്യാർത്ഥികളെ ഗ്രഹിപ്പിക്കുവാനും അതുവഴി ജീവിതക്രമം ചിട്ടപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

# ഉള്ളടക്കം


അദ്ധ്യായം 1 . പ്രവാചകത്വത്തിന് മുമ്പുള്ള ജീവിതം 5

അദ്ധ്യായം 2. പ്രവാചകത്വവും മക്കയിലെ പ്രബോധനവും 15

അദ്ധ്യായം 3. മദീനാ ജീവിതം 29

അദ്ധ്യായം 4. അൽ ഖുലഫാഉർറാശിദൂൻ 48

# പാഠം 1

# പ്രവാചകത്വത്തിനുമുമ്പുള്ള ജീവിതം

മനുഷ്യരെ സന്മാർഗത്തിലേക്ക് നയിക്കുന്നതിന് നിയോഗിക്കപ്പെട്ട പ്രധാന നബിമാരെ സംബന്ധിച്ച് വിശദമായി നിങ്ങൾ കഴിഞ്ഞ ക്ലാസ്സിൽ പഠിച്ചിട്ടുണ്ട്. അവസാന പ്രവാചകനായ മുഹമ്മദ് നബി ﷺ യെ കുറിച്ച് കുറെ കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. നബി ﷺ യെ കുറിച്ച് അൽപം വിശദമായി പഠിക്കാം.

## അറേബ്യ

പേർഷ്യൻ ഉൾക്കടലിനും അറബിക്കടലിനും ചെങ്കടലിനും ഇടയ്ക്ക് സ്ഥിതിചെയ്യുന്ന ഉപദ്വീപാണ് അറേബ്യ. ഈ പ്രദേശത്തിലെ പൗരാണിക 'ഹിജാസ്' സംസ്ഥാനത്തിലാണ് മക്കാരാജ്യം സ്ഥിതി ചെയ്യുന്നത്. ഇന്ന് ഈ പ്രദേശം സുഊദി അറേബ്യയിലാണ്. നമ്മുടെ രാജ്യത്ത് നിന്ന് അവിടേക്ക് ഏതാണ്ട് 600 കി.മീ ദൂരമുണ്ട്. അറേബ്യൻ ഉപദ്വീപിന്റെ അധികഭാഗവും മരുഭൂമിയാണ്.

മദ്യപാനം, വ്യഭിചാരം, വിഗ്രഹാരാധന എന്നിവകളാൽ സാംസ് കാരികമായും, നിരക്ഷരത, ദാരിദ്രം, യുദ്ധം, അടിമത്വം എന്നിവകളാൽ സാമൂഹികമായും ഈ പ്രദേശത്തെ ജനത മുഴുവൻ അധഃപതിച്ചിരുന്നു. 'ജാഹിലിയ്യാ കാലം' എന്ന പേരിൽ ഈ കാലം അറിയപ്പെടുന്നു.

സമൂഹത്തിൽ ഉച്ചനീചത്വം നിലനിന്നിരുന്നു. അറേബ്യയിലെ പ്രമുഖ ഗോത്രമായിരുന്നു ഖുറൈശ്. കച്ചവടം, സമ്പത്ത് എന്നിവയുടെ നിയന്ത്രണം കയ്യടക്കിയ സമ്പന്നരും വളരെ ദരിദ്രരും അടിമകളുമായ ദുർബലരും, സമ്പന്നർക്കും പ്രബലർക്കും കീഴ്പ്പെട്ടിരുന്ന ഇടത്തരക്കാരും ചേർന്നതായിരുന്നു അവിടത്തെ നിവാസികൾ.

ഇബ്റാഹീം (عليه السلام) പടുത്തുയർത്തിയ കഅ്ബയെ എല്ലാവരും ബഹുമാനിച്ചു. എല്ലാ വർഷവും അവർ അവിടെ ഹജ്ജ് നിർവ്വഹിച്ചു. കഅ്ബ അവരുടെ ജീവിതത്തിന്റെ കേന്ദ്രമായിരുന്നു. ക്രിസ്താബ്ദം 570 ൽ എത്യോപ്യൻ (അബ്സീനിയ) രാജാവായ അബ്റഹത്ത് ഒരു വലിയ സൈന്യവുമായി കഅ്ബ പൊളിക്കാൻ വന്നു. ആനപ്പുറത്തായിരുന്നു അവർ സഞ്ചരിച്ചിരുന്നത്. ആനകൾക്ക് യുദ്ധ പരിശീലനവും ലഭിച്ചിരുന്നു. ഈ സൈന്യത്തെ എതിർക്കാൻ അറബികൾക്കോ, അവരുടെ മുഴുവൻ മേധാവിത്വമുണ്ടായിരുന്ന ഖു റൈശ് ഗോത്രക്കാർക്കോ സാധിക്കാത്തതിനാൽ അവർ അടുത്തുള്ള മല മുകളിൽ അഭയം തേടി. എന്നാൽ അല്ലാഹുവിന്റെ ഭവനത്തെ അവൻ തന്നെ രക്ഷിച്ചു. ഒരുകൂട്ടം പക്ഷികളെ അല്ലാഹു ആ സൈന്യത്തിന്റെ നേരെ അയച്ചു. അവ ചുട്ടുപഴുത്ത കല്ലുകൾ കൊണ്ട് എറിഞ്ഞതിനാൽ സൈന്യവും ആനകളും നശിച്ചു. അബ്റഹത്ത് രാജാ വും മരിച്ചു. ഈ സംഭവം 'ആനക്കലഹം' എന്ന പേരിൽ അറിയപ്പെടുന്നു.

മതപരമായി ഈ കാലഘട്ടം വളരെ ശോചനീയാവസ്ഥയിലായിരുന്നു. അറബികൾ വിഗ്രഹങ്ങളെയും, നക്ഷത്രങ്ങളെയും, മലക്കുകളെയും ആരാധിച്ചു വന്നു. അറേബ്യയുടെ അയൽരാജ്യമായ പേർഷ്യക്കാർ അഗ്നിയെ ആരാധിച്ചപ്പോൾ മറ്റൊരു അയൽരാജ്യമായ റോമക്കാർ അല്ലാഹുവിന്റെ ഗ്രന്ഥങ്ങളായ തൗറാത്തും ഇഞ്ചീലും അവരുടെ ഇഷ്ടപ്രകാരം മാറ്റിമറിച്ചു. സത്യവും ധർമവും

അറിയാത്തവരായിരുന്നു ഈ കാലഘട്ടത്തിലെ ജനം മുഴുവൻ.

## മുഹമ്മദ് നബി ﷺ യുടെ ജനനം

ഇബ്റാഹീം (عليه السلام) ന്റെ പുത്രൻ ഇസ്മാഈൽ (عليه السلام) ന്റെ സന്താനപരമ്പരയായ ഖുറൈശ് ഗോത്രത്തിലെ ഒരു പ്രമുഖ വ്യക്തിയായിരുന്നു അബ്ദുൽ മുത്ത്വലിബ്. അദ്ദേഹത്തിന്റെ എട്ടാമത്തെ പിതാമഹനായ ഹിഹ്റിന് ഖുറൈശ് എന്ന് പേരുണ്ടായിരുന്നതിനാലാണ് ഈ ഗോത്രത്തിന് ഖുറൈശ് എന്ന് പറയുന്നത്. അബ്ദുൽ മുത്ത്വലിബ് അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലക്ക് സഹ്റ വംശക്കാരനായ വഹബിന്റെ മകൾ ആമിനയെ വിവാഹം ചെയ്തു കൊടുത്തു. ആമിനയുടെ ഗോത്രവും ഖുറൈശ് തന്നെ. വിവാഹാനന്തരം അബ്ദുല്ല സിറിയയിലേക്ക് കച്ചവടത്തിനു പോയി. മടക്കയാത്രയിൽ യഥ്രിബി (മദീന) നു സമീപം താമസിച്ചിരുന്ന ബനൂ നജ്ജാർ ഗോത്രത്തിൽ വെച്ച് അബ്ദുല്ല മരണപ്പെട്ടു. ഗർഭിണിയായിരുന്ന ആമിന, അബ്ദുല്ല മരിച്ച് രണ്ട് മാസം കഴിഞ്ഞ് ഒരാൺകുഞ്ഞിനെ പ്രസവിച്ചു. പിതാമഹനായ അബ്ദുൽ മുത്ത്വലിബ് കുഞ്ഞിന് മുഹമ്മദ് എന്ന് നാമകരണം ചെയ്തു. ആനക്കലഹം ഒന്നാം വർഷം അതായത് ക്രിസ്താബ്ദം 571 ലായിരുന്നു നബി ﷺ യുടെ ജനനം. അന്ന് റബീഉൽ അവ്വൽ ഒമ്പത് ആണെന്നും പന്ത്രണ്ട് ആണെന്നും അഭിപ്രായമുണ്ട്.

അബൂ ത്വാലിബ്, അബൂലഹബ്, അബ്ബാസ് رضي الله عنه , ഹംസ رضي الله عنه എന്നിവർ നബി ﷺ യുടെ പിതൃവ്യരും സ്വഫിയ്യ, ആത്തിക, ഉമൈമ, ബർറ എന്നിവർ അമ്മായികളുമാകുന്നു.

## ശൈശവവും വളർച്ചയും

നബി ജനിച്ചു കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അബ്ദുൽ മുത്ത്വലിബ് കുട്ടിയെ സഅ്ദ് വംശക്കാരിയായ ഹലീമയെ

മുലകൊടുത്തു വളർത്തുവാൻ ഏൽപിച്ചു. നല്ല ഭാഷ ശീലിക്കുവാനും ആരോഗ്യത്തോട് കൂടി വളരുവാനും വേണ്ടി ഇപ്രകാരം പോറ്റുമ്മമാരെ ഏൽപിക്കുന്ന സമ്പ്രദായം അക്കാലത്തുണ്ടായിരുന്നു. നാല് വർഷം കുട്ടി ഹലീമയുടെ കുടുംബത്തിൽ വളർന്നു. അതിനാൽ ആ കുടുംബവുമായി നബി ﷺ ക്ക് സ്നേഹബന്ധവും മുലകുടി ബന്ധവുമുണ്ടായി. പിന്നീട് മാതാവിന്റെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ച് നബി ﷺ വളർന്നു. ആറാമത്തെ വയസ്സിൽ പതിവു പ്രകാരം ആമിന കുട്ടിയുമായി അബ്ദുല്ലയുടെ ഖബർ സന്ദർശിക്കുവാൻ പോയി. ഉമ്മുഅയ്മൻ (رضي الله عنها) എന്ന ഭൃത്യയും അവരോടൊപ്പമുണ്ടായിരുന്നു. യാത്ര കഴിഞ്ഞു മടങ്ങുമ്പോൾ ആമിനക്ക് രോഗം പിടിപെടുകയും അബ്വാഅ് എന്ന സ്ഥലത്ത് വെച്ച് മരണപ്പെടുകയും ചെയ്തു. വാത്സല്യനിധിയായ മാതാവിന്റെ മരണത്തിൽ നബി ﷺ വളരെ ദുഃഖിതനായി. ഉമ്മുഅയ്മൻ (رضي الله عنها) കുട്ടിയെ അബ്ദുൽ മുത്ത്വലിബിനെ ഏൽപിച്ചു. അബ്ദുൽ മുത്ത്വലിബ് വളരെ സ്നേഹവാത്സല്യങ്ങളോടെ കുട്ടിയെ വളർത്തി. നബി ﷺ ക്ക് എട്ട് വയസ്സായപ്പോൾ അബ്ദുൽ മുത്ത്വലിബും മരണപ്പെട്ടു.

കുട്ടിക്കാലത്ത് തന്നെ സാമർഥ്യവും ബുദ്ധിവൈഭവവും നബി ﷺ പ്രകടിപ്പിച്ചിരുന്നു. വൃത്തിയും ശുചിത്വവും പാലിച്ചു. എല്ലാവരുടെയും വാത്സല്യം നേടി.

## അബൂ ത്വാലിബിന്റെ സംരക്ഷണത്തിൽ

അബ്ദുൽ മുത്ത്വലിബിന്റെ മരണാനന്തരം നബി ﷺ യുടെ സംരക്ഷണം ഏറ്റെടുത്തത് പിതൃവ്യൻ അബൂ ത്വാലിബ് ആയിരുന്നു. അവരുടെ ഭാര്യയായ ഫാത്തിമ ബിൻത്ത് അസദും നബി ﷺ യോട് വളരെ സ്നേഹത്തോടെ പെരുമാറി. ഉപ്പയും ഉമ്മയുമില്ലാത്ത സ്ഥിതി നബി ﷺ അറിഞ്ഞതേയില്ല. ഫാത്തിമയെ കുറിച്ച് നബി

ﷺ പറയാറുണ്ടായിരുന്നു: അവരെന്റെ മാതാവാണെന്ന്.

അബൂ ത്വാലിബിന് ധാരാളം മക്കളുണ്ടായിരുന്നു. അദ്ദേഹം വലിയ സമ്പന്നനായിരുന്നില്ല. കച്ചവടമായിരുന്നു വരുമാനമാർഗം. തന്റെ സഹോദരപുത്രനെ കച്ചവടം പഠിപ്പിച്ച് ജീവിതമാർഗം എളുപ്പമാക്കിക്കൊടുക്കണമെന്ന് അബൂ ത്വാലിബ് തീരുമാനിച്ചു. അതിനാൽ ഒരിക്കൽ സിറിയയിലേക്ക് കച്ചവടത്തിനു പോകുമ്പോൾ ഈ കുട്ടിയേയും കൂടെ കൊണ്ടുപോയി. അന്ത്യപ്രവാചകന്റെ ആഗമനത്തെക്കുറിച്ച് ഇഞ്ചീലിൽ നിന്ന് മനസ്സിലാക്കിയ ഒരു ക്യസ്തീയ പണ്ഡിതൻ, ഈ കുട്ടിയെ കണ്ടപ്പോൾ ആ പ്രവാചകൻ ഈ കുട്ടി തന്നെ ആയേക്കുമെന്ന് ലക്ഷണം കൊണ്ട് സംശയിച്ചു. കുട്ടിയെ വേഗം തിരിച്ചു കൊണ്ടുപോകാനും കുട്ടിയുടെ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധിക്കാനും അദ്ദേഹം അബു ത്വാലിബിനോട് ഉപദേശിച്ചു.

നബി ﷺ കുറച്ചു കാലം മക്കയിലെ കുന്നിൻപുറങ്ങളിൽ ആടുകളെ മേച്ചു കൊണ്ട് ഉപജീവനമാർഗം കണ്ടെത്തുകയുണ്ടായി.

നബി ﷺ യുടെ സ്വഭാവം അനുപമമായിരുന്നു. സത്യം, ക്ഷമ, വിട്ടുവീഴ്ച, ബുദ്ധിസാമർഥ്യം, ദയ, ധൈര്യം, വിശ്വസ്തത മുതലായ എല്ലാ സൽഗുണങ്ങളും നബി ﷺ ക്കുണ്ടായിരുന്നു. ആ കാലഘട്ട ത്തിലെ ജനങ്ങൾക്കുണ്ടായിരുന്ന ദുർഗുണങ്ങൾ ഒന്നും നബി ﷺ യിൽ കാണപ്പെട്ടിരുന്നില്ല. മദ്യപിക്കുകയോ വിഗ്രഹങ്ങളോടും മരണപ്പെട്ട വരോടും പ്രാർത്ഥിക്കുകയോ ചെയ്തിരുന്നില്ല. നബി ﷺ യുടെ സൽസ്വഭാവവും വിശ്വസ്തതയും പരിഗണിച്ച് നാട്ടുകാർ നബി ﷺ യെ 'അൽഅമീൻ' എന്ന് സ്നേഹത്തോടെ വിളിച്ചു. എല്ലാവരോടും അദ്ദേഹം മര്യാദയോടെ പെരുമാറി. അവരൊക്കെ നബി ﷺ യെ സ്നേഹിച്ചു. അവരുടെ വസ്തുക്കൾ നബി ﷺ യുടെ പക്കൽ സൂക്ഷിക്കാൻ ഏൽപിച്ചു. അക്ഷരജ്ഞാനമില്ലാത്ത നാട്ടുകാരെപോലെ നബി ﷺ യും നിരക്ഷരനായാണ് വളർന്നത്.

## വിവാഹം

നബി ﷺ യുടെ സൽസ്വഭാവത്തെക്കുറിച്ച് കേട്ടറിഞ്ഞ ഖുറൈശ് ഗോത്രത്തിലെ ഖുവൈലിദിന്റെ മകൾ ഖദീജ (رضي الله عنها) അവരുടെ കച്ചവടച്ചരക്കുകളുമായി സിറിയയിലേക്ക് പോകാൻ നബി ﷺ യോടാവശ്യപ്പെട്ടു. ആ ക്ഷണം സ്വീകരിച്ച് കച്ചവടത്തിന് പോയ നബി ﷺ ക്ക് കച്ചവടത്തിൽ നല്ല ലാഭം കിട്ടി. ഖദീജ (رضي الله عنها) ക്ക് വളരെ സന്തോഷമായി. മാത്രമല്ല നബി ﷺ യുടെ സ്വഭാവവും ഖദീജ (رضي الله عنها) യെ ആകർഷിച്ചു. കച്ചവടയാത്രയിൽ നബി ﷺ യോടൊപ്പമുണ്ടായിരുന്ന ഖദീജ (رضي الله عنها) യുടെ ഭൃത്യൻ മൈസറ യാത്രയിലെ ഓരോ സംഭവവും ഖദീജ (رضي الله عنها) യെ കേൾപ്പിച്ചു. ബുദ്ധിമതിയായ ഖദീജ (رضي الله عنها) അദ്ദേഹത്തിൽ ഒരു മഹാവ്യക്തിത്വമുണ്ടെന്നു മനസ്സിലാക്കി. അതിനാൽ അദ്ദേഹത്തെ തനിക്ക് ഭർത്താവായി കിട്ടിയെങ്കിൽ എന്ന് ആഗ്രഹിച്ചു. ഈ ആഗ്രഹം അവർ നബി ﷺ യുടെ പിതൃവ്യന്മാരെ അറിയിച്ചു. അവർക്കും സന്തോഷമായി. അങ്ങനെ നബി ﷺ യുടെ 25ാം വയസ്സിൽ ഖദീജ (رضي الله عنها) യുമായുള്ള വിവാഹം നടന്നു. അന്ന് ഖദീജ (رضي الله عنها) ക്ക് 40 വയസ്സായിരുന്നു പ്രായം.

## കഅ്ബയുടെ പുനർ നിർമാണം

കഅ്ബയുടെ കെട്ടിടത്തിന് ബലക്ഷയം വന്നു. മുമ്പൊരിക്കലുണ്ടായ തീപിടുത്തവും വെള്ളപ്പൊക്കവുമായിരുന്നു അതിനു കാരണം. ഖുറൈശ് ഗോത്രക്കാർ അത് പുതുക്കിപ്പണിയാൻ തീരുമാനിച്ചു. നല്ല മാർഗത്തിൽകൂടി സമ്പാദിച്ച പണം ശേഖരിച്ചു കഅ്ബ പൊളിച്ചു പണി തുടങ്ങി. അന്ന് നബി ﷺ ക്ക് 35 വയസ്സായിരുന്നു പ്രായം. ഹജറുൽ അസ്‌വദ് വെക്കേണ്ട സന്ദർഭമായപ്പോൾ ആ ബഹുമതി നേടുന്നതിന് ഖുറൈശ്

ഗോത്രത്തിലെ ഓരോ വംശവും അവകാശവാദമുന്നയിച്ചു. തർക്കം കുറച്ച് സമയം നീണ്ടുപോയി. അവസാനം കൂട്ടത്തിൽ കാരണവരായ അബൂ ഉമയ്യഃ പറഞ്ഞു: നാം തർക്കിക്കേണ്ട. ഇനി ഇവിടേക്ക് ആദ്യം പ്രവേശിക്കുന്ന ആളുടെ തീരുമാനം നമുക്ക് അംഗീകരിക്കാം. എല്ലാവരും അത് സമ്മതിച്ചു. താമസം വിനാ അതാ 'അൽഅമീൻ' കടന്നു വരുന്നു. എല്ലാവർക്കും സന്തോഷമായി. നബി ﷺ ഒരു തുണി നിലത്തു വിരിച്ചു. ഹജറുൽ അസ്‌വദ് അതിൽ എടുത്ത് വെച്ചു. എന്നിട്ട് എല്ലാ വംശനായകന്മാരോടും തുണിയുടെ ഓരോ ഭാഗം പിടിച്ചു ഉയർത്താൻ ആവശ്യപ്പെട്ടു. നബി ﷺ അവിടുത്തെ തൃകൈകൊണ്ട് ഹജറുൽ അസ് വദ് എടുത്തു യഥാസ്ഥാനത്ത് വെച്ചു. യുദ്ധത്തിൽ കലാശിക്കാമായിരുന്ന ആ വഴക്ക് അതോടെ അവസാനിച്ചു. ഇപ്രകാരം അന്നത്തെ എല്ലാ സാമൂഹ്യ പ്രശ്നങ്ങളിലും നബി ﷺ പങ്കുകൊള്ളുകയും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തിരുന്നു.

# പഠന പ്രവർത്തനങ്ങൾ

## പകരംപദങ്ങൾ എഴുതുക:

1. ലക്ഷണം ______________________
2. ഭൃത്യൻ ______________________
3. നിരക്ഷരത ______________________
4. ജനത ______________________
5. ധൈര്യം ______________________

## പിരിച്ചെഴുതുക:

1. കച്ചവടയാത്ര ________________ + ________________
2. സൽഗുണം ________________ + ________________
3. ബുദ്ധിവൈഭവം ________________ + ________________
4. വാത്സല്യനിധി ________________ + ________________
5. സ്നേഹബന്ധം

## ഇ ' ി' ചിഹ്നം ചേർത്തെഴുതുക:

1. വട ____________
2. പന ____________
3. പട ____________
4. വര ____________
5. കര ____________
6. കറ ____________
7. തര ____________
8. തട ____________
9. മട ____________

## ഒറ്റവാക്കിൽ ഉത്തരമെഴുതുക:

1. അറേബ്യൻ ഉപദ്വീപ് എവിടെ സ്ഥിതി ചെയ്യുന്നു?
2. അറേബ്യൻ ജനതയുടെ ആരാധ്യ വസ്തുക്കൾ എന്തൊക്കെയായിരുന്നു?
3. നബി ﷺ ക്ക് മുല കൊടുത്ത് വളർത്താൻ ഹലീമയെ ഏൽപിച്ചതെന്തിന്?
4. ഖുറൈശ് ഗോത്രക്കാർ കഅ്ബ പുതുക്കിപ്പണിതതെന്തിന്?
5. ഹലീമയുടെ വംശം ഏത്?
6. നാം തർക്കിക്കേണ്ട, ഇനി ഇവിടേക്ക് ആദ്യം പ്രവേശിക്കുന്ന ആളുടെ തീരുമാനം നമുക്ക് അംഗീകരിക്കാം. ഇതാരാണ് പറഞ്ഞത്?
7. മക്കക്കാർ നബി ﷺ ക്ക് നൽകിയ ബഹുമതി നാമം എന്ത്?
8. ഫിഹ്റിന്റെ മറ്റൊരു നാമം എന്ത്?

## ബ്രാക്കറ്റിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക:

1. ആമിന ഭർത്താവിന്റെ ഖബ്ർ സന്ദർശിക്കാൻ പോയപ്പോൾ അവരോടൊപ്പം __________ എന്ന ഭൃത്യയുമുണ്ടായിരുന്നു.

   (ഉമ്മുഅയ്മൻ, സ്വഫിയ്യ, ഹലീമ)

2. ______________ നിർമിച്ച കഅ്ബയെ എല്ലാവരും ബഹുമാനിച്ചു.

   (അബ്ദുൽ മുത്ത്വലിബ്, മുഹമ്മദ് നബി ﷺ, ഇബ്റാഹീം عليه السلام)

3. മക്കാപ്രദേശം ഇന്ന് _________________ ലാണ്.

   (ഖത്തർ, സുഊദി അറേബ്യ, കുവൈത്ത്)

4. നബി ﷺ ഖദീജ (رضي الله عنها) യെ വിവാഹം ചെയ്തപ്പോൾ ഖദീജ (رضي الله عنها) യുടെ പ്രായം _____ ആയിരുന്നു.

   (25, 35, 40)

**ഉത്തരമെഴുതുക:**

1. ജാഹിലിയ്യാ കാലഘട്ടത്തിൽ അറേബ്യയിലെ സാമൂഹ്യ സാംസ്കാരിക സ്ഥിതി വിവരിക്കുക.
2. ആനക്കലഹം സംഭവം വിവരിക്കുക
3. നബി ﷺ യുടെ പിതൃവ്യന്മാരുടെയും അമ്മായിമാരുടെയും പേരുകൾ പറയുക.
4. ശൈശവദശയിൽ നബി ﷺ യുടെ പ്രകൃതം എങ്ങനെയായിരുന്നു?
5. എന്തുകൊണ്ടാണ് ഖദീജ (رضي الله عنها) നബി ﷺ യെ വിവാഹം ചെയ്യാൻ ആഗ്രഹിച്ചത്?
6. നബി ﷺ യുടെ കൗമാരപ്രായത്തിലെ സ്വഭാവഗുണങ്ങൾ എന്തൊക്കെയായിരുന്നു?
7. ഹജറുൽ അസ്‌വദ് വെക്കേണ്ടതിനെക്കുറിച്ചുണ്ടായ തർക്കം നബി ﷺ പരിഹരിച്ചതെങ്ങനെ?

# പാഠം 2

# പ്രവാചകത്വവും മക്കയിലെ പ്രബോധനവും

## നുബുവ്വത്ത് അഥവാ പ്രവാചകത്വം

ഇബ്റാഹീം (عليه السلام) യുടെ മതതത്വങ്ങളായി നാട്ടിൽ അറിയപ്പെട്ടിരുന്ന നല്ല ആചാരങ്ങൾ ഉൾക്കൊണ്ടുകൊണ്ടായിരുന്നു നബി ﷺ നുബുവ്വത്തിന്റെ മുമ്പ് ജീവിച്ചിരുന്നത്. നാട്ടിലെ ദുരാചാരങ്ങളിലോ, ബിംബാരാധനകളിലോ പങ്കുകൊണ്ടില്ല. മാത്രമല്ല; അവയോട് വെറുപ്പും നീരസവും പ്രകടിപ്പിക്കുകയും ചെയ്തു.

നബി ﷺ ക്ക് 40 വയസ്സ് തികയാറായ കാലത്ത് ഏകാന്തവാസവും ധ്യാനത്തിലിരിക്കാനുള്ള താൽപര്യവും കൂടിവന്നു. അങ്ങനെ മക്കയിലുള്ള ഹിറാ ഗുഹയിൽ പോയി ധ്യാനിച്ചിരിക്കുക പതിവാക്കി. അതിനിടെ ചിലപ്പോൾ സ്വപ്നങ്ങൾ കാണുകയും അവ സത്യമായി പുലരുകയും ചെയ്തിരുന്നു. ഏകാന്തവാസത്തിനു പോകാനുള്ള ഭക്ഷണവും മറ്റു സൗകര്യങ്ങളുമൊക്കെ ഭാര്യ ഖദീജ (رضي الله عنها) ചെയ്തുകൊടുത്തു.

പതിവുപോലെ ഒരു ദിവസം ഹിറാ ഗുഹയിൽ ധ്യാനത്തിലും പ്രാർത്ഥനയിലും മുഴുകിയിരിക്കെ ജിബ്രീൽ عليه السلام എന്ന മലക്ക് അവിടെ പ്രത്യക്ഷപ്പെട്ടു. നബി ﷺ യോട് വായിക്കൂ എന്നു പറഞ്ഞു. നബി ﷺ പറഞ്ഞു: എനിക്ക് വായനയറിയില്ല. ജിബ്രീൽ عليه السلام നബി ﷺ യെ ആലിംഗനം ചെയ്തു. ഇങ്ങനെ മൂന്ന് തവണ ആവർത്തിച്ചു.

എന്നിട്ട് അല്ലാഹുവിന്റെ വഹ്യ് നൽകികൊണ്ട് ഇപ്രകാരം കേൾപ്പിച്ചു.

اقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ ﴿1﴾ خَلَقَ الْإِنسَانَ مِنْ عَلَقٍ ﴿2﴾ اقْرَأْ وَرَبُّكَ الْأَكْرَمُ ﴿3﴾ الَّذِي عَلَّمَ بِالْقَلَمِ ﴿4﴾ عَلَّمَ الْإِنسَانَ مَا لَمْ يَعْلَمْ ﴿5﴾

സൃഷ്ടിച്ചവനായ നിൻറെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു.

വഹ്യ് ലഭിച്ച ഉടനെ നബി ﷺ ഭയന്നു കൊണ്ട് വീട്ടിലെത്തി, പുതപ്പിട്ടു കിടന്നു. ഭാര്യ ഖദീജ (رضي الله عنها) ഇപ്രകാരം പറഞ്ഞു നബി ﷺ യെ ആശ്വസിപ്പിച്ചു. ഇല്ല, അല്ലാഹു അങ്ങയെ ഒരിക്കലും വിഷമിപ്പിക്കുകയില്ല. അങ്ങ് ജനങ്ങളുടെ വിഷമങ്ങളകറ്റുന്നു, അതിഥി കളെ ആദരിക്കുന്നു, ജീവിതഭാരം അനുഭവിക്കുന്നവർക്ക് സഹായം ചെയ്യുന്നു, അവരുടെ സഹായം സ്വയം ഏറ്റെടുക്കുന്നു. അല്ലാഹുവി ന്റെ സന്ദേശവുമായി മലക്ക് വന്നതാണെന്നും നബിയായി നിയോഗിക്കപ്പെട്ടിരിക്കുകയാണെന്നും പിന്നീട് നബി ﷺ മനസ്സിലാക്കി. ഒരു റമദാൻ മാസത്തിലാണ് ഈ മഹത്തായ സംഭവമുണ്ടായത്. അതിന്റെ സ്മരണക്കും നന്ദിക്കുമായാണ് റമദാനിൽ നാം വ്രതമനുഷ്ഠിക്കുന്നത്.

പിന്നീട് മൂന്നു വർഷം കഴിഞ്ഞപ്പോൾ തുടർച്ചയായി വഹ്യ് ലഭിച്ചു തുടങ്ങി. ഇസ്‌ലാം മതത്തിലേക്ക് ജനങ്ങളെ പ്രബോധനം ചെയ്യാനും അല്ലാഹുവിന്റെ സന്ദേശങ്ങൾ അവർക്ക് എത്തിച്ചുകൊടുക്കാനുമുള്ള

ബാധ്യതയും നബിയിലർപ്പിതമായി. മനുഷ്യരെല്ലാം സമന്മാരാണ്. അവരെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ് ആരാധനകളും പ്രാർത്ഥനകളും നേർച്ചവഴിപാടുകളും അല്ലാഹുവിനു മാത്രം അർപ്പിക്കുക. അല്ലാഹുവിന്റെ ഗുണവിശേഷങ്ങളിലോ, പ്രവൃത്തികളിലോ അധികാരങ്ങളിലോ, മറ്റാർക്കെങ്കിലും പങ്കുണ്ടെന്ന് വിശ്വസിക്കാനോ, ആ അടിസ്ഥാനത്തിൽ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുവാനോ അവർക്ക് ആരാധന അർപ്പിക്കുവാനോ പാടില്ല. ഓരോ മനുഷ്യനും മരണാനന്തരം വിചാരണയ്ക്ക് വിധേയനാകും, കർമഫലം അനുഭവിക്കും, മദ്യപിക്കരുത്, ചൂതുകളിക്കരുത്, മാതാപിതാക്കളെ ബഹുമാനിക്കണം, അവർക്ക് നന്മ ചെയ്യണം. വലിയവരെ ബഹുമാനിക്കണം. ചെറിയവരോട് കരുണ കാണിക്കണം എന്നിങ്ങനെയുള്ള കാര്യങ്ങളായിരുന്നു നബി ﷺ പ്രബോധനം ചെയ്തത്.

നബി ﷺ യുടെ മക്കയിലെ പ്രബോധന കാലത്തെ രണ്ടായി തിരിക്കാം. അതിലൊന്ന് രഹസ്യപ്രബോധനവും രണ്ടാമത്തേത് പരസ്യ പ്രബോധനവുമാണ്. ഭാര്യ ഖദീജ (رضي الله عنها), സ്നേഹിതൻ അബൂബക്ർ رضي الله عنه, പിതൃവ്യപുത്രനായ അലി رضي الله عنه, സ്വന്തം സംരക്ഷണത്തിലുണ്ടായിരുന്ന സൈദ് ബ്നു ഹാരിഥ رضي الله عنه എന്നിവർ ആദ്യം നബി ﷺ യിൽ വിശ്വസിച്ചു. രഹസ്യസംഭാഷണങ്ങളിലൂടെ അല്ലാഹുവിന്റെ സന്ദേശങ്ങൾ ജനങ്ങൾക്ക് എത്തിച്ചു കൊണ്ടിരുന്നു. അങ്ങനെ വളരെ ചുരുക്കം പേർ നബി ﷺ യിൽ വിശ്വസിച്ചു. വിശ്വസിച്ചവർ മറ്റുള്ളവരെയും ഇസ്ലാമിലേക്ക് ക്ഷണിച്ചു. അനുയായികൾക്ക് നബി ﷺ മതം പഠിപ്പിച്ചു കൊടുത്തു. ധൈര്യം, അല്ലാഹുവിന്റെ മാർഗത്തിൽ അർപ്പണ ബോധം

എന്നിവ നബി ﷺ അവരിലുണ്ടാക്കി.

## പരസ്യപ്രബോധനവും മർദ്ദനവും

നബി ﷺ പ്രബോധനം തുടങ്ങി മൂന്നു വർഷം കഴിഞ്ഞു. നബി ﷺ യിൽ വിശ്വസിച്ചവർ ഏതാണ്ട് നാൽപ്പതുപേരുണ്ടായി. ഈ ഘട്ടത്തിലാണ് പരസ്യപ്രബോധനം തുടങ്ങിയത്. കുടുംബക്കാരെ മുഴുവൻ അല്ലാഹുവിന്റെ മതത്തിലേക്ക് ക്ഷണിച്ചു. നാൾക്കുനാൾ ഇസ് ലാം വളർന്നുകൊണ്ടിരുന്നു. പൂർവ്വ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും വെച്ചു പുലർത്തിയിരുന്നവർ നബി ﷺ യുടെ കഠിന ശത്രുക്കളായി മാറി. മുമ്പ് നബി ﷺ യെ 'അൽഅമീൻ' എന്നു വിളിച്ചു സ്നേഹിച്ചവർ, ഇപ്പോൾ ഭ്രാന്തൻ, നുണയൻ, കള്ളവാദി, മാരണക്കാരൻ എന്നൊക്കെ വിളിച്ചു പരിഹസിച്ചു. നബി ﷺ യിൽ വിശ്വസിച്ച സ്വഹാബിമാരും മർദ്ദനങ്ങൾക്കു വിധേയരായി, വിഗ്രഹാരാധനയെ എതിർത്തുവെന്നതായിരുന്നു പ്രധാനമായും അവരെക്കുറിച്ച് മുശ്‌രിക്കുകൾക്കുണ്ടായിരുന്ന ആക്ഷേപം.

അബൂ ജഹ്ൽ കുന്തം പഴുപ്പിച്ച് സുമയ്യ (رضي الله عنها) മർമ്മഭാഗത്ത് കുത്തി. സഹിക്കവയ്യാത്ത വേദനയോടെ അവർ മരിച്ചു. ഇസ്‌ലാമിൽ മർദ്ദനമേറ്റ് മരിച്ച ആദ്യ വനിതയാണവർ. അവരുടെ ഭർത്താവ് യാസിറും رضي الله عنه മകൻ അമ്മാറും رضي الله عنه വളരെയേറെ മർദ്ദനങ്ങൾ സഹിച്ചിട്ടുണ്ട്. ബിലാൽ رضي الله عنه വിനെ അദ്ദേഹത്തിന്റെ യജമാനൻ ഉമയ്യത്ത് ബ്നു ഖലഫ് ചൂടുള്ള മണലിൽ മലർത്തിക്കിടത്തി ശരീരത്തിൽ വലിയ കല്ല് കയറ്റിവെച്ച് കഴുത്തിൽ കയറിട്ട് വലിച്ചു. ഖബ്ബാബ് رضي الله عنه വിന്റെ ശരീരത്തിൽ ഇരുമ്പ് പഴുപ്പിച്ച് ചൂടുവെച്ചു. എന്നാൽ ഈ മർദ്ദനങ്ങളൊന്നും തന്നെ

വിശ്വാസികളെ മതത്തിൽ നിന്നും പിന്തിരിപ്പിച്ചില്ല.

മുസ്‌ലിങ്ങളെ കൂടുതൽ മർദ്ദിച്ചത് അബൂ ജഹ്ൽ, അബൂ ലഹബ്, ഉത്ബത്, ശൈബത്ത് തുടങ്ങിയവരായിരുന്നു. നടക്കുന്ന വഴിയിൽ മുള്ളു കൊണ്ടുവന്നിടുക, നിസ്കരിക്കാൻ നിന്നാൽ കൂവുക, സുജൂദിലാകുമ്പോൾ കഴുത്തിൽ ഒട്ടകത്തിന്റെ ചീഞ്ഞളിഞ്ഞ കുടൽ കൊണ്ടു വന്നിടുക, അസഭ്യങ്ങൾ വിളിച്ചു പറയുക, മുഖത്തേക്ക് കാർക്കിച്ചു തുപ്പുക എന്നിങ്ങനെ നബി ﷺ യെയും ശത്രുക്കൾ ഉപദ്രവിച്ചുകൊണ്ടിരുന്നു. നബി ﷺ യുടെ പിതൃവ്യൻ അബൂലഹബ്, അബൂജഹ്ൽ, അയൽവാസി ഉഖ്ബത്ത് ബ്നു അബീ മുഈത്ത് എന്നിവരാണ് നബി ﷺ യെ കൂടുതൽ ദ്രോഹിച്ചവർ. നബി ﷺ ക്കും കുടുംബത്തിനും സഹായം ചെയ്യുന്നത് ഖുറൈശ് ഗോത്രക്കാർ മുടക്കിയതിനാൽ അവർ ശഅബ് അബീത്വാലിബ് എന്ന കുന്നിൽ പോയി താമസിക്കുകയുണ്ടായി.

മർദ്ദനം വർദ്ധിച്ചുകൊണ്ടിരിക്കെത്തന്നെ വിശ്വാസികളുടെ എണ്ണവും കൂടിവന്നു. ഉബൈദത്ത് ബ്നുൽ ഹാരിസ് رضي الله عنه, ജഅ്ഫർ ബ്നു അബീത്വാലിബ് رضي الله عنه, അബ്ദുറഹ്മാൻ ബ്നു ഔഫ് رضي الله عنه, ഉമർ ബ്നുൽ ഖത്താബ് رضي الله عنه, ഹംസ رضي الله عنه മുതലായവർ ഇസ്‌ലാം സ്വീകരിക്കുക യുണ്ടായി. ഇത് മുസ്‌ലിംകളിൽ ധൈര്യം പകർന്നു. ശത്രുക്കളിൽ ഞെട്ടലുണ്ടാക്കി.

ശത്രുക്കളുടെ മർദ്ദനം വർദ്ധിച്ചുവന്നപ്പോൾ ആഫ്രിക്കയിലെ എത്യോപയിലേക്ക് (അബ്സീനിയാ) ഹിജ്റ പോകാൻ നബി ﷺ മുസ്‌ലിങ്ങളെ അനുവദിച്ചു. നജ്ജാശിയെന്ന ക്രിസ്ത്യൻ രാജാവായിരുന്നു അന്ന് അവിടെ ഭരണം നടത്തിയിരുന്നത്. ഹിജ്റ

ചെയ്ത് അവിടെ എത്തിയ ജഅ്ഫർ ബ്നു അബീത്വാലിബ് رضي الله عنه നബി ﷺ യുടെ കത്ത് അദ്ദേഹത്തെ ഏൽപിച്ചു. അദ്ദേഹം മുസ്ലിംകൾക്ക് എല്ലാവിധ സഹായങ്ങളും ചെയ്തു. അദ്ദേഹം പിന്നീട് ഇസ്ലാം സ്വീകരിക്കുകയുണ്ടായി. രണ്ടു സംഘങ്ങൾ എത്യോപയിലേക്ക് ഹിജ്റ പോയിട്ടുണ്ട്.

മർദ്ദനങ്ങൾക്ക് മക്കയിൽ ഒരു കുറവും വന്നില്ല. അതിനിടെ നബി ﷺ ക്ക് സർവ്വവിധ സഹായങ്ങളും ചെയ്തിരുന്ന മൂത്താപ്പ അബൂ ത്വാലിബ്, ഭാര്യ ഖദീജ ( رضي الله عنها ) എന്നിവർ മരണപ്പെട്ടു. ഈ രണ്ടു മരണങ്ങളും നബി ﷺ യെ വലിയ ദുഃഖത്തിലാഴ്ത്തി.

മക്കയിലെ ആശ്രയം നഷ്ടപ്പെട്ടപ്പോൾ മറ്റെവിടെയെങ്കിലും പ്രബോധനം നടത്താൻ പറ്റുമോയെന്ന് നബി ﷺ ആലോചിച്ചു. ബന്ധുക്കൾ താമസിക്കുന്ന ത്വാഇഫിലേക്ക് പോകാൻ തീരുമാനിച്ചു. പക്ഷേ, ആ നാട്ടുകാർ നബി ﷺ യുടെ പ്രബോധനം കേട്ടമാത്രയിൽ കല്ലെറിഞ്ഞ് ആട്ടിയോടിക്കുകയാണ് ചെയ്തത്. നബി ﷺ ത്വാഇഫിൽ നിന്ന് മക്കയിലേക്ക് തന്നെ മടങ്ങി. ത്വാഇഫുകാരിൽ നിന്ന് ഭാവിയിലെങ്കിലും മുസ്ലിംകളായ ഒരു തലമുറയുണ്ടാകണമെന്ന് പ്രത്യാശിച്ചു. അവിടെ നിന്ന് മടങ്ങുമ്പോൾ വഴിക്കുവെച്ച് കണ്ടുമുട്ടിയ നീനവാ പ്രദേശക്കാരനായ അദ്ദാസ് എന്ന ഒരു ക്രിസ്ത്യാനി ഇസ്ലാം സ്വീകരിക്കുകയുണ്ടായി.

## ഇസ്റാഉം മിഅ്റാജും

നബി ﷺ യുടെ മക്കാ ജീവിതത്തിലെ അതിപ്രധാന സംഭവങ്ങളാണ് ഇസ്റാഉം മിഅ്റാജും. മക്കയിലെ മസ്ജിദുൽ

ഹറമിൽ നിന്ന്, മസ്ജിദുൽ അഖ്സയിലേക്ക് ഒരു രാത്രിയിൽ നബി ﷺ യെ ജിബ്രീൽ (عليه السلام) കൊണ്ടുപോയി. അന്നുതന്നെ തിരിച്ചെത്തുകയും ചെയ്തു. ഈ സംഭവമാണ് ഇസ്റാഅ് എന്ന പേരിലറിയപ്പെടുന്നത്. പിറ്റേ ദിവസം നബി ﷺ മക്കക്കാരോട് ഈ സംഭവം പറഞ്ഞപ്പോൾ അവർ പരിഹസിച്ച് പൊട്ടിച്ചിരിച്ചു. ഒട്ടകപ്പുറത്ത് സഞ്ചരിച്ചാൽ രണ്ടുമാസത്തെ വഴിയകലമുണ്ടവിടേക്ക്. അതുകൊണ്ടാണവർ ചിരിച്ചത്. എന്നാൽ അബൂബക്ർ رضي الله عنه യാതൊരു സംശയവും കൂടാതെ അത് വിശ്വസിച്ചു.

ബൈത്തുൽ മുഖദ്ദിസിൽ എത്തിയ ശേഷം ജിബ്രീൽ (عليه السلام) നബി ﷺ യെ ആകാശലോകത്തേക്കു കൊണ്ടുപോയി. നബി ﷺ അല്ലാഹുവുമായി അഭിമുഖ സംഭാഷണം നടത്തി. അവിടെ വെച്ച് അല്ലാഹു മുസ്ലിം സമുദായത്തിന്റെ പ്രധാന ആരാധനാ കർമമായ നിസ്കാരം നിർബന്ധമാക്കിയ കൽപന നബി ﷺ ക്ക് നൽകി. ഈ ആകാശാരോഹണത്തിനാണ് മിഅ്റാജ് എന്നു പറയുന്നത്.

## അഖബാ ഉടമ്പടികൾ

യഥ്രിബിൽ നിന്ന് എല്ലാ വർഷവും ഹജ്ജ് നിർവ്വഹിക്കാൻ ജനങ്ങൾ മക്കയിലേക്ക് വരാറുണ്ടായിരുന്നു. നബി ﷺ വളരെ രഹസ്യ മായി ഇങ്ങനെ വരുന്നവർക്ക് ഇസ്ലാമിക സന്ദേശമെത്തിച്ചു. അവർ നബി ﷺ യുടെ പ്രബോധനം സ്വീകരിച്ചു. ഇസ്ലാമിന്റെ നിയമങ്ങൾ പാലിച്ചുകൊണ്ട് നല്ലവരായി ജീവിക്കാമെന്ന് നബി ﷺ യോട് അവർ ഉടമ്പടി ചെയ്തു. ഈ ഉടമ്പടി അവർ പാലിക്കുന്ന പക്ഷം അവർക്ക് അല്ലാഹുവിന്റെ പക്കൽ നല്ല പ്രതിഫലം ലഭിക്കുമെന്നും ലംഘിക്കുന്ന

പക്ഷം അല്ലാഹു ശിക്ഷിക്കുകയോ പൊറുത്തു കൊടുക്കുകയോ ചെയ്യുമെന്നും നബി ﷺ അവരെ ഓർമിപ്പിച്ചു. ഇതാണ് ഒന്നാം അഖബാ ഉടമ്പടി. അഖബയുടെ സമീപത്തു വെച്ച് നടന്നതിനാലാണ് ഇത് അഖബാ ഉടമ്പടിയെന്ന പേരിലറിയപ്പെടുന്നത്. റാഫിഅ ബ്നു മാലിക് ﵁, ഔഫ് ബ്നു ഹാരിഥഃ ﵁, അസ്അദ് ബ്നു സുറാറ ﵁, ഉബാദത്ത് ബ്നു സ്വാമിത്ത് ﵁ എന്നിവർ ഈ ഉടമ്പടിയിൽ പങ്കെടുത്ത പ്രമുഖരാണ്. ഇവരോടൊപ്പം മദീനയിലേക്ക് മതപ്രബോധകരായി അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂം ﵁, മുസ്അബ് ബ്നു ഉമൈർ ﵁ എന്നിവരെ കൂടി നബി ﷺ അയക്കുകയുണ്ടായി.

അടുത്ത കൊല്ലം മദീനയിൽ നിന്ന് കൂടുതൽ പേർ ഹജ്ജിനു വന്നു. നബി ﷺ അവരുമായി കൂടിക്കാഴ്ച നടത്തി. നബി ﷺ യുടെ കരം പിടിച്ച് അവരും ഉടമ്പടി ചെയ്തു. ഇതാണ് രണ്ടാം അഖബാ ഉടമ്പടി. നബി ﷺ ക്ക് മദീനയിൽ അഭയം നൽകാമെന്നും മദീനയിലേക്ക് ശത്രുക്കൾ അക്രമിക്കാൻ വന്നാൽ അവരോടും പടവെട്ടാൻ തയ്യാറാണെന്നും അവർ ഉടമ്പടി ചെയ്തു. നബി ﷺ മദീനാ ഹിജ്റ നടത്തുന്നതിന് തൊട്ടുമുമ്പുള്ള വർഷങ്ങളിലാണ് ഈ രണ്ടു ഉടമ്പടികളും നടന്നത്.

## മദീനയിലേക്കുള്ള ഹിജ്റ

ഇസ്ലാം മക്കയിൽ വ്യാപിച്ചുകൊണ്ടിരുന്നു. അതോടൊപ്പം ശത്രുക്കളുടെ മർദ്ദനവും അനുദിനം വർദ്ധിച്ചുവന്നു. മദീനക്കാരുമായി നബി ﷺ ഉടമ്പടി ചെയ്തതും മദീനയിലേക്ക് പ്രബോധകരെ അയച്ചതും ശത്രുക്കളറിഞ്ഞു. അവർ രോഷാകുലരായി. നബി ﷺ യെ

വധിക്കുവാൻ തീരുമാനിച്ചു. മുസ്ലിംകളെ സ്വീകരിക്കാൻ മദീനക്കാർ തയ്യാറായപ്പോൾ, അവരെ മദീനയിലേക്ക് പോകാൻ നബി ﷺ അനുവദിച്ചു. ഉമർ ؓ അടക്കം ധാരാളം പേർ ഹിജ്റ പോയി. നബി ﷺ ക്കും മദീനയിലേക്ക് ഹിജ്റ പോകാനുള്ള അനുമതി അല്ലാഹു നൽകി. ഈ വിവരം നബി ﷺ അബൂബക്ർ ؓ വിനെ അറിയിച്ചു. രാത്രിയിൽ ആരുമറിയാതെ പുറപ്പെടാൻ അവർ തീരുമാനിച്ചു. അതേ രാത്രി നബി ﷺ യെ കൊല്ലാൻ ശത്രുക്കൾ നബി ﷺ യുടെ വീട് വളഞ്ഞു. പുറത്തുവന്നാൽ ഒറ്റവെട്ടിന് കൊല്ലാൻ തയ്യാറായി വാളൂരിപ്പിടിച്ച് അവർ ഉറക്കൊഴിച്ചു നിന്നു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുടെ കണ്ണിൽ പെടാതെ നബി ﷺ പുറത്തേക്കുവന്നു. അകത്തു ആളുണ്ടെന്നു തോന്നിപ്പിക്കുവാൻ അലി ؓ വിനെ നബി ﷺ യുടെ കട്ടിലിൽ കിടത്തിയിരുന്നു.

മുൻനിശ്ചയിച്ച പ്രകാരം നബി ﷺ യും അബൂബക്ർ ؓ വും മദീനാ യാത്ര തുടങ്ങി. ശത്രുക്കളുടെ കണ്ണിൽ പെടാതിരിക്കാൻ മക്കയിൽ നിന്ന് കുറച്ച് അകലെയുള്ള ഥൗർ മലയിലെ ഗുഹയിൽ ഒളിച്ചിരുന്നു. നേരം പുലർന്നപ്പോഴാണ് വീടുവളഞ്ഞവർക്ക് അമളി മനസ്സിലായത്. നാനാഭാഗത്തേക്കും അന്വേഷകരെ അയച്ചു. എല്ലാവരും നിരാശരായി തിരിച്ചു വന്നു. നബി ﷺ യെ പിടിക്കുന്നവർക്ക് സമ്മാനം പ്രഖ്യാപിക്കപ്പെട്ടു. ശത്രുക്കളുടെ അന്വേഷണം നിലച്ചപ്പോൾ നബി ﷺ യും അബൂബക്ർ ؓ വും യാത്ര തുടർന്നു. നബി ﷺ യെ തേടിപ്പുറപ്പെട്ട സുറാഖത്ത് ബ്നു മാലിക് ؓ നബി ﷺ യെയും അബൂബക്ർ ؓ വിനേയും കണ്ടു. കയ്യെത്താവുന്ന അകലത്തിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ കുതിരയുടെ കാലുകൾ മണലിൽ

ആണ്ടു. ഇത് പലതവണ ആവർത്തിച്ചു. അല്ലാഹുവിന്റെ സഹായം നബി ﷺ ക്കുണ്ടെന്നു സുറാഖത്തിന് ബോധ്യമായി. അദ്ദേഹം മക്കയിലേക്ക് മടങ്ങിപ്പോയി. പിൽക്കാലത്ത് സുറാഖത്ത് ബ്നു മാലിക് رضي الله عنه മുസ്‌ലിമാവുകയും ഇസ്‌ലാമിനുവേണ്ടി വളരെ ത്യാഗങ്ങൾ സഹിക്കുകയും ചെയ്തിട്ടുണ്ട്.

നബി ﷺ യുടെ ആഗമനവാർത്തയറിഞ്ഞ യഥ്‌രിബ് നിവാസികൾ നിത്യവും നബി ﷺ യെ കാത്തിരിക്കും. അങ്ങനെ റബീഉൽ അവ്വൽ 12 ന് അതായത് ക്രിസ്താബ്ദം 622 സപ്തംബർ 20 ന് യഥ്‌രിബിനടുത്തുള്ള ഖുബാഅ് എന്ന സ്ഥലത്ത് അവർ വന്നിറങ്ങി. അവിടെ ബനൂ അംറ് ബ്നു ഔഫ് ഗോത്രത്തിൽ താമസിച്ചു. ഖുബാഇൽ നബി ﷺ ഒരു പള്ളി നിർമിച്ചു. തഖ്‌വയിൽ സ്ഥാപിതമായ പള്ളിയെന്നാണിത് അറിയപ്പെടുന്നത്. കുറച്ചു ദിവസങ്ങൾക്കു ശേഷം നബി ﷺ വീണ്ടും യാത്ര തുടർന്നു. വഴിമദ്ധ്യേ വാദിസാലിം എന്ന സ്ഥലത്ത് ഇറങ്ങി. അവിടെ വെച്ച് ജുമുഅ നിസ്കരിച്ചു. ഇതായിരുന്നു ഇസ്‌ലാമിലെ ഒന്നാമത്തെ ജുമുഅ നിസ്കാരം. ജുമുഅക്ക് ശേഷം വീണ്ടും യാത്ര തുടർന്നു. നബി ﷺ യെ സ്വീകരിക്കാൻ ആബാലവൃദ്ധം ജനങ്ങൾ വഴി യുടെ ഇരുഭാഗങ്ങളിലും തിങ്ങിക്കൂടിയിരുന്നു. ആഹ്ലാദത്തോടെ അവർ പാടി.

طلـــع البدر علينـــــا　　　مـــن ثنيـــات الـــوداع

وجـــب الشكـــر علينـــا　　　مــــا دعـــــا الله داع

أيهـــا المبعـــوث فيـــنا　　　جئت بالأمـــر المطـــر

ഒട്ടകം മുട്ടുകുത്തിയേടത്ത് നബി ﷺ ഇറങ്ങി. ആദ്യനാളുകളിൽ അബൂ അയ്യൂബൽ അൻസ്വാരി رضي الله عنه വിന്റെ വീട്ടിലാണ് താമസിച്ചത്. ഒട്ടകം മുട്ടുകുത്തിയ സ്ഥലത്താണ് പിന്നീട് അൽ മസ്ജിദുന്നബവി നിർമിച്ചത്. മുമ്പ് കാലത്ത് യഥ്‌രിബ് എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശം നബി ﷺ യുടെ ആഗമനത്തോടെ മദീനത്തുർറസൂൽ എന്ന പേരിൽ അറിയപ്പെട്ടു. പിന്നീട് മദീനയെന്ന ചുരുക്കപ്പേരിൽ പ്രസിദ്ധമായി.

# പഠന പ്രവർത്തനങ്ങൾ

## മാറ്റി എഴുതാം:

1. താണുപോയല്ലോ ശിരസ്സ് - ശിരസ്സ് താണുപോയി
2. ഈറനായല്ലോ മിഴികൾ -
3. കണ്ണഞ്ചുമാറായി -

## വിപരീതപദം എഴുതുക:

1. പൊട്ടിച്ചിരിച്ചു x ______________________
2. ഭാര്യ x ______________________
3. ദരിദ്രൻ x ______________________
4. പരസ്യപ്രബോധനം x ______________________
5. ധൈര്യം x ______________________

## ഈ 'ീ'എന്ന ചിഹ്നം ചേർത്തെഴുതുക:

1. വ__ട് ______________________
2. ഖദ__ജ ______________________
3. പിന്ന__ട് ______________________
4. മ__ൻ ______________________
5. പ__ലി ______________________

## പേര് പറയുക:

1. നബി ﷺ ക്ക് ആദ്യമായി വഹ്‌യ് ലഭിച്ചപ്പോൾ ഇരുന്നിരുന്ന ഗുഹ.
2. ശത്രുക്കളുടെ മർദ്ദനമേറ്റ് മരിച്ച ആദ്യ വനിത.
3. മുസ്ലിംകൾ ആദ്യമായി ഹിജ്റ പോയ സ്ഥലം.

4. നബി ﷺ യിൽ വിശ്വസിച്ച നീനവാ പ്രദേശക്കാരൻ. __________

5. നബി ﷺ യോടൊപ്പം ഹിജ്റ പോയ സ്വഹാബി.

## ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്ത് പൂരിപ്പിക്കുക:

1. മദീനയുടെ ആദ്യത്തെ പേര് __________ എന്നായിരുന്നു.

   (യഥ്രിബ്, ത്വാഇഫ്, മക്ക)

2. ആദ്യമായി നബി ﷺ ജുമുഅ നിസ്കരിച്ചത് __________ എന്ന പ്രദേശത്ത് വെച്ചാണ്. (ഖുബാഅ്, വാദിസാലിം, മദീന)

3. മദീനയിലേക്ക് മതപ്രബോധനത്തിന് നബി ﷺ പറഞ്ഞയച്ചത് __________ നെ ആയിരുന്നു.

   (അബൂത്വാലിബ്, അബൂബക്ർ رضي الله عنه, മുസ്അബ് ബ്നു ഉമൈർ رضي الله عنه)

4. നബി ﷺ ഇസ്റാഅ പോയ സ്ഥലം __________________________ ആകുന്നു.

   (മദീന, ആകാശം, അൽ മസ്ജിദുൽ അഖ്സ)

5. നബി ﷺ യെ കൂടുതൽ ദുഃഖത്തിലാക്കിയത് ______________________________ എന്നീ രണ്ടുപേരുടെ മരണമായിരുന്നു.

   (ഖദീജ (رضي الله عنها), അബൂത്വാലിബ്, അബ്ദുൽ മുത്ത്വലിബ്, അബ്ദുല്ല)

## ചേരുംപടി ചേർക്കുക:

| | |
|---|---|
| 1. അബൂ അയ്യൂബ് رضي الله عنه | ഖുബാഅ് |
| 2. ഇസ്റാഅ് | ബ്നു മാലിക് |
| 3. സുറാഖത്ത് رضي الله عنه | അൽ അൻസ്വാരി |
| 4. ബനൂ അംറ് ബ്നു ഔഫ് | മിഅ്റാജ് |

## ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:

1. നബി ﷺ ക്ക് ആദ്യമായി വഹ്‌യ് ഇറങ്ങിയപ്പോൾ ഭയപ്പെട്ട നബി ﷺ യെ ഖദീജ (رضي الله عنها) ആശ്വസിപ്പിച്ചതെങ്ങനെ?
2. നബി ﷺ യുടെ പ്രബോധന സന്ദേശങ്ങൾ എന്തെല്ലാം?
3. ശത്രുക്കൾ നബി ﷺ യെ പരിഹസിച്ചത് എന്തെല്ലാം പറഞ്ഞുകൊണ്ടാണ്?
4. ഏതെല്ലാം വിധമാണ് ശത്രുക്കൾ നബി ﷺ യെ മർദ്ദിച്ചത്?

## ഉത്തരമെഴുതുക:

1. ശത്രുക്കൾ വിശ്വാസികളെ ഏതെല്ലാം വിധത്തിൽ മർദ്ദിച്ചിരുന്നു?
2. ഇസ്‌റാഅ് എന്നാലെന്ത്?
3. അഖബാ ഉടമ്പടികൾ എന്നാലെന്ത്?
4. നബി ﷺ ത്വാഇഫിലേക്ക് പ്രബോധനത്തിനുപോയ സംഭവം ചുരുക്കി വിവരിക്കുക.
5. നബി ﷺ യെ മദീനക്കാർ സ്വീകരിച്ചതെങ്ങനെ?

# പാഠം 3

# മദീനാ ജീവിതം

## ആദ്യ നടപടികളും ശരീഅത്ത് പൂർത്തീകരണവും

നബി ﷺ യുടെ പ്രവാചക ജീവിതത്തിന്റെ രണ്ടാം ഘട്ടമാണ് മദീനാ ജീവിതം. പത്തു വർഷം നീണ്ടുനിന്ന ഈ ഘട്ടം ഇസ്‌ലാമിന്റെ വികാസത്തിന്റെയും വളർച്ചയുടെയും ഘട്ടമാണ്.

മക്കയിൽ നിന്ന് ഏതാണ്ട് 300 കിലോമീറ്റർ വടക്ക് സ്ഥിതി ചെയ്യുന്ന മദീന അന്ന് ഈത്തപ്പനത്തോട്ടങ്ങൾ നിറഞ്ഞ കാർഷിക രാജ്യമായിരുന്നു. ഔസ്, ഖസ്റജ് എന്നീ അറബ് ഗോത്രങ്ങളും ബനൂ നളീർ, ബനൂ ഖുറൈള, ബനൂ ഖൈനുഖാഅ്, എന്നീ ജൂത ഗോത്ര ക്കാരുമായിരുന്നു മദീനയിലെ നിവാസികൾ. തൗറാത്തിൽ മുന്നറിയിപ്പ് നൽകപ്പെട്ട ഒരു പ്രവാചകനെ കാത്തിരിക്കുകയായിരുന്നു ജൂതന്മാർ. ആ പ്രവാചകൻ മുഹാജിറായി മദീനയിലെത്തുമെന്നും അവർക്കറി യാമായിരുന്നു. നബി ﷺ മദീനയിലെത്തും മുമ്പേ അവിടുത്തെ ഓരോ വീട്ടിലും ഇസ്‌ലാമിന്റെ സന്ദേശം എത്തിയിരുന്നു. കുറേപേർ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തിരുന്നു. മദീനയിലേക്ക് ഹിജ്റ ചെയ്തു വന്നവരെ മുഹാജിറുകൾ എന്നും അവരെ സ്വീകരിച്ച മദീനയിലെ മുസ് ലിംകളെ അൻസ്വാരികൾ എന്നും പറയുന്നു.

മദീനയിൽ ഇസ്‌ലാം മത പ്രബോധനത്തിന് വേഗത കൂട്ടാനും കെട്ടുറപ്പുള്ള സമൂഹത്തെ വാർത്തെടുക്കാനും നബി ﷺ ചില

മാർഗങ്ങൾ സ്വീകരിച്ചു. അവയിൽ പ്രധാനമായ കാര്യങ്ങൾ താഴെ വിവരിക്കുന്നു.

## 1. പള്ളി നിർമാണം

മുസ്‌ലിം സമുദായത്തിന്റെ മത സാംസ്കാരിക കേന്ദ്രമാണ് പള്ളി. നിസ്കാരം നിർവ്വഹിക്കുക, മതം പഠിപ്പിക്കുക, ആവശ്യമായ മറ്റു കാര്യങ്ങൾക്കുപയോഗപ്പെടുത്തുക എന്നിവക്കായി നബി ﷺ മദീനയിൽ ഒരു പള്ളി നിർമിച്ചു. അതിന്റെ നിർമാണത്തിൽ എല്ലാ മുസ് ലിംകളും പങ്കെടുത്തു. നബി ﷺ യും അവരോടൊപ്പം കല്ലും മണ്ണും ചുമന്നു. അത് അവർക്ക് കൂടുതൽ പ്രോത്സാഹനം നൽകി. മണ്ണ് ചുമന്നുകൊണ്ട് നബി ﷺ ഇപ്രകാരം പാടിക്കൊണ്ടിരുന്നു.

اللَّهُمَّ لَا خَيْـــــرَ إِلَّا خَيْـــــرَ الآخِـــــرَة

فَـــــــارْحَمِ الأَنْصَـــــارَ وَالمُهَاجِـــــرَ

ഈ പള്ളി അൽ മസ്ജിദുന്നബവി എന്ന പേരിൽ അറിയപ്പെടുന്നു. ഇന്ന് ലോകത്തെ ഏറ്റവും വലിയ പള്ളികളിലൊന്നാണിത്.

## 2. സാഹോദര്യം സ്ഥാപിക്കുക

നാടും വീടും ഉപേക്ഷിച്ച് മദീനയിലെത്തിയവരെ താമസിപ്പിക്കുക യെന്നതായിരുന്നു നബി ﷺ യുടെ മുമ്പിലെ മറ്റൊരു പ്രശ്നം. ഈ പ്രശ്നം പ്രയാസരഹിതമായി നബി ﷺ പരിഹരിച്ചു. ഓരോ മുഹാജിറിനെയും ഓരോ അൻസ്വാരിയുടെ വീട്ടിൽ താമസിപ്പിച്ചു. അവർ തമ്മിൽ സഹോദരന്മാരാണെന്ന് പ്രഖ്യാപിച്ചു. വളരെ ആഴത്തിൽ വേരൂന്നിയ സ്നേഹബന്ധത്തിലാണവർ കഴിഞ്ഞത്.

മുസ്‌ലിംകളോട് വെറുപ്പുണ്ടായിരുന്ന ജൂതന്മാരെ തന്ത്രപൂർവ്വം നബി ﷺ മുസ്‌ലിങ്ങളോടടുപ്പിച്ചു. മുസ്‌ലിംകളും ജൂതന്മാരും

പരസ്പരസഹായത്തിലും സഹകരണത്തിലും കഴിയണമെന്ന് ഉടമ്പടി ചെയ്തു. ഓരോ വിഭാഗത്തെയും ശത്രുക്കൾ ആക്രമിച്ചാൽ പരസ്പരം സഹായിക്കണമെന്നും കരാർ ചെയ്തു. ഈ ഉടമ്പടി ഇസ്‌ലാമിന്റെ വളർച്ചക്ക് സഹായിച്ചിട്ടുണ്ട്.

സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ അനുഷ്ഠാനകാര്യങ്ങൾ നിർബന്ധമാക്കപ്പെട്ടത് മദീനയിൽ വെച്ചാണ്. മദ്യപാനം, വ്യഭിചാരം, മോഷണം, കൊല എന്നിവ വിരോധിക്കപ്പെട്ടതും അത് ചെയ്തവർക്കുള്ള ശിക്ഷ വിധിക്കപ്പെട്ടതും മദീനയിൽ വെച്ചുതന്നെയാണ്. കുടുംബജീവിതം, സാമൂഹ്യജീവിതം, സാമ്പത്തിക ഇടപാടുകൾ എന്നിവകളിലൊക്കെ പാലിക്കേണ്ട നിയമങ്ങൾ ഇറങ്ങിയതും ഈ കാലത്ത് തന്നെ. ചുരുക്കത്തിൽ ഇസ്‌ലാമിന്റെ ശരീഅത്ത് പൂർത്തിയായത് നബി ﷺ യുടെ മദീനാ ജീവിതകാലത്താണ്.

## പ്രതിരോധ യുദ്ധങ്ങൾ

നബി ﷺ യെയും മുസ്‌ലിംകളെയും മക്കാ മുശ്‌രിക്കുകൾ കഠിനമായി മർദ്ദിച്ചതുകൊണ്ടാണല്ലോ അവർ മദീനയിലേക്ക് ഹിജ്റ പോയത്. എന്നാൽ മദീനയിലെത്തിയ അവരെ മക്കാ മുശ്‌രിക്കുകൾ വീണ്ടും ദ്രോഹിച്ചുകൊണ്ടിരുന്നു. മുസ്‌ലിംകളോട് യുദ്ധം ചെയ്യുന്നതിന് ധനം ശേഖരിക്കാൻ കച്ചവടം വിപുലപ്പെടുത്തി. യുദ്ധത്തിനു ഒരുക്കങ്ങൾ ചെയ്തു. ഇത്തരം ഘട്ടങ്ങളിൽ നിഷ്ക്രിയരാകുന്നത് മുസ്‌ലിംകൾക്ക് ആപത്തേ വരുത്തുകയുള്ളൂ. അതിനാൽ പ്രതിരോധ ആവശ്യാർത്ഥം യുദ്ധം ചെയ്യുന്നതിന് അല്ലാഹു

അനുമതി നൽകി. നബി ﷺ പങ്കെടുത്ത 27 സൈനിക നീക്കങ്ങൾ ഉണ്ടായെങ്കിലും ചിലതിലേ ഏറ്റുമുട്ടലുകളുണ്ടായിട്ടുള്ളൂ. അവയിൽ പ്രധാനമായ ചിലതിനെക്കുറിച്ച് നമുക്ക് പഠിക്കാം.

## ബദ്ർ യുദ്ധം

ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ശക്തിയും പ്രതാപവും ഉണ്ടാക്കിക്കൊടുത്തതും ഇസ്‌ലാമിക ചരിത്രത്തിലെ പ്രധാനപ്പെട്ടതുമായ ഒരു സംഭവമാണ് ബദ്ർ യുദ്ധം.

മുസ്‌ലിംകൾക്കെതിരെ പടയൊരുക്കത്തിന് ധനം ശേഖരിക്കാൻ ഖുറൈശികൾ പങ്കുചേർന്ന് കച്ചവടം നടത്തുന്നുണ്ടെന്ന് നബി ﷺ അറിഞ്ഞു. ആ നീക്കത്തിൽ നിന്നവരെ തടഞ്ഞ് സാമ്പത്തികമായി അവരെ തളർത്തൽ അനിവാര്യമായിരുന്നു. ഹിജ്റ രണ്ടാം വർഷം റമദാനിൽ സിറിയയിൽ നിന്ന് അബൂസുഫ്‌യാൻ رضي الله عنه ന്റെ നേതൃത്വത്തിലുള്ള നാൽപ്പതംഗ കച്ചവടസംഘം മടങ്ങിവരുന്നുണ്ടെന്ന് നബി ﷺ അറിഞ്ഞു. അവരെ തടയാൻ 313 സ്വഹാബിമാരോടുകൂടി നബി ﷺ പുറപ്പെട്ടു. യുദ്ധം ലക്ഷ്യം വെച്ചിട്ടില്ലാത്തതിനാൽ യുദ്ധോപകരണങ്ങളൊന്നും കൈവശം വെച്ചിരുന്നില്ല.

നബി ﷺ യും സ്വഹാബികളും പുറപ്പെട്ട വിവരം അബൂസുഫ്‌യാൻ رضي الله عنه അറിഞ്ഞു. സഹായത്തിന് സൈന്യത്തെ അയക്കണമെന്ന് മക്കയിലേക്ക് അറിയിച്ചു. അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ പ്രമുഖരടങ്ങിയ ആയിരത്തോളം സൈനികർ എല്ലാവിധ ഒരുക്കത്തോടും കൂടി പുറപ്പെട്ടു. പക്ഷെ, സൈന്യം എത്തുന്നതിനു മുമ്പെ അബൂ സുഫ്‌യാൻ رضي الله عنه മറ്റൊരു മാർഗത്തിലൂടെ

മക്കയിലേക്ക് രക്ഷപ്പെട്ടു. ഈ വിവരം അറിഞ്ഞിട്ടും അബൂജഹ്ലും സൈന്യവും മടങ്ങാൻ തയ്യാറായില്ല. മുസ്ലിംകളെ മുഴുവൻ നശിപ്പിക്കുമെന്ന് അവർ ശപഥം ചെയ്തു. റമദാൻ 17 ന് ശത്രു സേനയും മുസ്ലിം സേനയും ബദ്ർ എന്ന സ്ഥലത്ത് ഒരുമിച്ച് കൂടി. മുസ്ലിംകളുടെ കൈവശം അറബികളുടെ പതിവനുസരിച്ച് ഉണ്ടാകാറുള്ള വാളല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. നബി ﷺ യും മുസ്ലിംകളും അല്ലാഹുവിനോട് സഹായം തേടി. ഇരുസൈന്യവും തമ്മിൽ ഏറ്റുമുട്ടി. ശക്തമായ പോരാട്ടം നടന്നു. അല്ലാഹു മുസ്ലിം സേനയെ സഹായിച്ചു. ശത്രു സേനക്ക് വമ്പിച്ച പരാജയം സംഭവിച്ചു. അബൂജഹ്ൽ, ഉത്ബത്ത്, ശൈബത്ത്, വലീദ് തുടങ്ങി 70 പേർ കൊല്ലപ്പെട്ടു. എഴുപത് പേർ തടവിലാക്കപ്പെടുകയും ചെയ്തു. മുസ്ലിംകളിൽ 14 പേർ രക്തസാക്ഷികളായി. ഉബൈദത്ത് ബ്നുൽ ഹാരിസ് رضي الله عنه, ഉമൈർ ബ്നു അബീ വഖാസ് رضي الله عنه, സഅ്ദ് ബ്നു ഖുസൈമ رضي الله عنه എന്നിവർ രക്തസാക്ഷികളിൽ പ്രധാനികളാണ്.

ബദ്ർ യുദ്ധവിജയം മുസ്ലിംകൾക്ക് നിലനിൽപ്പുണ്ടാക്കി. മക്കാമുശ്രിക്കുകൾക്ക് മുസ്ലിംകളെക്കുറിച്ച് ഭയമുളവായി. മദീനയിലെ മുസ്ലിംകൾ സാക്ഷരതയുണ്ടാക്കാൻ സഹായിച്ചു. എല്ലാറ്റിനുമുപരി അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് ജീവിച്ചാൽ അല്ലാഹുവിന്റെ സഹായം ലഭിക്കുമെന്ന് മുസ്ലിംകൾക്ക് ബോദ്ധ്യപ്പെടാനും അത് കാരണമായി.

## ഉഹ്ദ് യുദ്ധം

ബദ്റിലെ പരാജയം ഖുറൈശികളെ അപമാനിതരാക്കി. പകരം

ബദ്റിലെ പരാജയം ഖുറൈശികളെ അപമാനിതരാക്കി. പകരം വീട്ടാൻ അബൂസുഫ്യാൻ ﵁ ഒരു വൻസൈന്യം തയ്യാറാക്കി. 3000 പട്ടാളക്കാർ എല്ലാവിധ തയ്യാറെടുപ്പുകളുമായി മദീനയിലേക്ക് പുറപ്പെട്ടു. വിവരമറിഞ്ഞ നബി ﷺ എന്തുചെയ്യണമെന്നാലോചിച്ചു. ശത്രുക്കൾക്ക് മദീനയിൽ പ്രവേശിക്കാൻ അവസരം കൊടുക്കരുതെന്നും മദീനക്കു പുറത്തുവെച്ച് അവരോട് ഏറ്റുമുട്ടണമെന്നും അഭിപ്രായമുണ്ടായി. അതനുസരിച്ച് ഹിജ്റ മൂന്നാം വർഷം ശവ്വാൽ 15 ന് ശനിയാഴ്ച ആയിരത്തോളം വരുന്ന സ്വഹാബികളുമായി നബി ﷺ ശത്രുസേനക്ക് നേരെ പുറപ്പെട്ടു. വഴിമദ്ധ്യേ 300 കപടവിശ്വാസികൾ പിന്മാറി. യഥാർത്ഥ വിശ്വാസമില്ലാതെ മുസ്‌ലിംകളാണെന്ന് നടിച്ച് മുസ്‌ലിംകളോടൊപ്പം ജീവിച്ചിരുന്നവരാണിവർ. ഉഹ്ദ് പർവ്വതത്തിന്റെ താഴ്വരയിൽ നബി ﷺ സൈന്യത്തെ നിർത്തി.

അമ്പെയ്ത്തുകാരായ 50 പേരെ അബ്ദുല്ലാഹിബ്നു ജുബൈർ ﵁ വിന്റെ നേതൃത്വത്തിൽ മലമുകളിൽ നിർത്തി. യുദ്ധക്കളത്തിൽ എന്തുസംഭവിച്ചാലും അവിടെ നിന്ന് ഇറങ്ങരുതെന്ന് പ്രത്യേകം അവരെ ഉണർത്തിയിരുന്നു. യുദ്ധം തുടങ്ങി. ഉഗ്രമായ പോരാട്ടം നടന്നു. മുസ്‌ലിം പക്ഷത്തിന് വിജയം കണ്ടപ്പോൾ ശത്രുസേന പരിഭ്രാന്തരായി ആയുധങ്ങളും മറ്റു സ്വത്തുക്കളും ഉപേക്ഷിച്ച് ഓടിപ്പോയി. മുസ്‌ലിം സേനാംഗങ്ങൾ ശത്രുക്കൾ ഉപേക്ഷിച്ച സ്വത്തും ആയുധങ്ങളും ശേഖരിക്കാൻ തുടങ്ങി. മലമുകളിൽ നിൽക്കുന്നവർ ഈ രംഗം കണ്ടു. അവരുടെ നേതാവ് വിലക്കിയിട്ടും കുറഞ്ഞ പേരൊഴികെ എല്ലാവരും താഴേക്കിറങ്ങി. മലമുകളിൽ ആളൊഴിഞ്ഞ തക്കത്തിൽ ഖാലിദ് ബ്നു

വലീദ് رضي الله عنه ന്റെ നേതൃത്വത്തിലുള്ള ഒരു സംഘം കുതിരപ്പടയാളികൾ മലയിടുക്കിലൂടെ യുദ്ധക്കളത്തിലേക്ക് വന്നിറങ്ങി. മുസ്‌ലിംകളുടെ നേരെ കടന്നാക്രമണം നടത്തി. മുസ്‌ലിം സൈന്യം പരിഭ്രാന്തരായി നാലുപാടും ഓടി. നബി ﷺ യും കുറച്ചു സ്വഹാബികളും മാത്രം യുദ്ധക്കളത്തിൽ ഉറച്ചുനിന്നു. ശത്രുക്കൾ കുഴിച്ചിരുന്ന ഒരു ചതിക്കുഴിയിൽ നബി ﷺ വീണു. ഒരമ്പ് വന്ന് നബി ﷺ യുടെ പടത്തൊപ്പിയിൽ തറച്ചു. പടത്തൊപ്പിയുടെ ആണി നബി ﷺ യുടെ കവിളിൽ തറച്ചു. നബി ﷺ യെ സ്വഹാബികൾ വലയം ചെയ്തുരക്ഷപ്പെടുത്തി. നിരവധി നാശനഷ്ടങ്ങളുണ്ടായി. എഴുപത് പേർ രക്തസാക്ഷികളായി. ഹംസ رضي الله عنه, മുസ്അബ് ബ്നു ഉമൈർ رضي الله عنه, ഹൻളല ബ്നു ആമിർ رضي الله عنه മുതലായ പ്രമുഖസ്വഹാബികൾ രക്തസാക്ഷികളായി. ശത്രുപക്ഷത്തുനിന്ന് 23 പേരാണ് കൊല്ലപ്പെട്ടത്. ബദ്റിന് പകരം വീട്ടിയ അഭിമാനത്തോടെ ശത്രുക്കൾ തിരിച്ചുപോയി. ഹംസ رضي الله عنه നബി ﷺ യുടെ പിതൃവ്യനാണ് എന്നകാര്യം ഓർക്കുമല്ലോ.

നേതൃത്വത്തെ ധിക്കരിക്കുന്നത് ആപത്തുണ്ടാക്കുമെന്ന് ഈ യുദ്ധം പഠിപ്പിക്കുന്നു.

## ഖന്തക്ക് യുദ്ധം

നബി ﷺ മദീനയിലെത്തിയ ഉടനെ ജൂതന്മാരുമായി സന്ധി ചെയ്തത് നിങ്ങൾ പഠിച്ചുവല്ലോ. എന്നാൽ അവർ ഇടക്കിടെ സന്ധി ലംഘിച്ചുകൊണ്ടിരുന്നു. തന്നിമിത്തം നബി ﷺ ബനൂ നളീർ ഗോത്രക്കാരെ നാടുകടത്തി. ഈ സംഭവത്തിൽ രോഷം പൂണ്ട മറ്റു ജൂതന്മാർ ഖുറൈശികളെയും മദീനക്കു പുറത്തുള്ള ജൂതഗോത്രമായ

ഗത്ഫാൻ കാരേയും നബി ﷺ ക്കെതിരെ യുദ്ധത്തിന് തയ്യാറെടുപ്പിച്ചു. അബൂസുഫ്യാൻ ؓ ന്റെ നേതൃത്വത്തിൽ 4000 പട്ടാളക്കാർ മക്കയിൽ നിന്ന് പുറപ്പെട്ടു. ഗത്ഫാൻ ജൂതന്മാർ ഉയൈനയുടെ നേതൃത്വത്തിൽ 1000 കുതിരപ്പടയാളികളുമായി പുറപ്പെട്ടു. മറ്റു ഗോത്രങ്ങളിൽ നിന്ന് 5000 പേരും തയ്യാറെടുത്തു. ഒട്ടാകെ 10000 പേരടങ്ങിയ വൻസൈന്യം മദീനയിലേക്ക് നീങ്ങി.

വിവരമറിഞ്ഞ് നബി ﷺ എന്തു ചെയ്യണമെന്ന് സ്വഹാബികളോടന്വേഷിച്ചു. മദീനയുടെ ചുറ്റും കിടങ്ങുകൾ കുഴിച്ച് ശത്രുവിനെ തടയാമെന്ന് സൽമാനുൽ ഫാരിസി ؓ അഭിപ്രായപ്പെട്ടു. ദാരിദ്രവും പട്ടിണിയും മൂലം ഞെരുങ്ങിക്കഴിയുന്ന ഒരവസരത്തിലാണ് കൂനിന്മേൽ കുരുവെന്നപോലെ ഈ യുദ്ധത്തിനു പുറപ്പെടേണ്ടിവന്നത്. വിശപ്പും ദാഹവും സഹിച്ചു മുസ്ലിംകൾ കിടങ്ങുകുഴിച്ചു.

അതിൽ നബി ﷺ യും പങ്കുകൊണ്ടു. 3000 പേരടങ്ങിയ സൈന്യത്തോടു കൂടി ശത്രുക്കളെ നേരിട്ടു. 15 ദിവസത്തോളം മുസ്ലിം കൾ വലയത്തിനുള്ളിലായി. ശത്രുക്കൾ കിടങ്ങുകണ്ട് അമ്പരന്നു. ചെറിയ തോതിലുള്ള അമ്പെയ്ത്തുകൾ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഈ ഘട്ടത്തിൽ നബി ﷺ യോട് സഖ്യത്തിലേർപ്പെട്ടിരുന്ന ബനൂ ഖുറൈള ഗോത്രം സന്ധിലംഘിച്ചു. അവരുടെ കുതന്ത്രങ്ങളിൽ നിന്ന് രക്ഷപ്പെടുത്താൻ നബി ﷺ അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അല്ലാഹു അത് സ്വീകരിച്ചു.

രാത്രിയിൽ ശത്രുപാളയത്തിൽ ശക്തമായ ശീതകാറ്റടിച്ചു. താവളമുപേക്ഷിച്ച് മടങ്ങിപ്പോകാൻ ശത്രുസേന നിർബന്ധിതരായി. നേരം പുലർന്നപ്പോഴേക്കും ശത്രുക്കൾ മുഴുവനും

പോയിക്കഴിഞ്ഞിരുന്നു.

ഹിജ്റ അഞ്ചാം വർഷം നടന്ന ഈ യുദ്ധത്തിൽ വിവിധ സംഘങ്ങൾ പങ്കെടുത്തതിനാൽ അഹ്സാബ് (സഖ്യകക്ഷികൾ) യുദ്ധമെന്നും കിടങ്ങ് കുഴിച്ചതുകൊണ്ട് ഖന്തക്ക് (കിടങ്ങ്) യുദ്ധമെന്നും ഈ യുദ്ധത്തിന് പേരുണ്ട്. നബി ﷺ യുടെ മുഅ്ജിസത്തുകൾ പ്രകടമായ ഒരു യുദ്ധമായിരുന്നു ഇത്.

## ഹുദൈബിയ്യാ സന്ധി

മക്കയിൽ ചെന്ന് നബി ﷺ യും സ്വഹാബികളും ഉംറ നിർവ്വഹിക്കണമെന്ന് നബി ﷺ ക്ക് സ്വപ്നദർശനമുണ്ടായി. അതനുസരിച്ച് ഹിജ്റ ആറാം വർഷത്തിൽ നബി ﷺ യും 1500 സ്വഹാബികളും ഉംറ നിർവ്വഹിക്കുവാൻ മക്കയിലേക്ക് പുറപ്പെട്ടു. യുദ്ധത്തിനാണവർ ചെല്ലുന്നതെന്ന് ഖുറൈശികൾ തെറ്റിദ്ധരിച്ചു. അവർ യുദ്ധത്തിനു തയ്യാറെടുത്തു. മക്കയോട് അടുത്തുള്ള ഹുദൈബിയ്യാ എന്ന സ്ഥലത്ത് മുസ്ലിംകളെ അവർ തടഞ്ഞു. യുദ്ധത്തിനുവന്നതല്ല. ഉംറ നിർവ്വഹിക്കാൻ വന്നതാണെന്ന് നബി ﷺ അവരെ അറിയിച്ചുവെങ്കിലും അവർ അതു സ്വീകരിക്കാൻ തയ്യാറായില്ല. പ്രതിനിധികൾ മുഖാന്തിരം സംഭാഷണങ്ങൾ നടന്നു. സന്ധി സംഭാഷണത്തിന് ഉഥ്മാൻ رضي الله عنه നബി ﷺ യുടെ മദ്ധ്യസ്ഥനായി മക്കയിലേക്കു പോയി. അവർ അദ്ദേഹത്തെ തടവിലാക്കി. എന്നാൽ അദ്ദേഹം വധിക്കപ്പെട്ടുവെന്നാണ് മുസ്ലിംകൾ കേട്ടത്. പ്രതികാരമെടുക്കാൻ മരണം വരെ തയ്യാറാണെന്ന് നബി ﷺ യുടെ കരം പിടിച്ചുകൊണ്ട് ഹുദൈബിയയിലുണ്ടായിരുന്ന ഒരു

വൃക്ഷത്തിന്റെ ചുവട്ടിൽ വെച്ച് മുസ്‌ലിംകൾ പ്രതിജ്ഞ ചെയ്തു. ഈ പ്രതിജ്ഞക്ക് ബൈഅത്തു രിള്‌വാൻ എന്നു പറയുന്നു.

ഖുറൈശി പ്രതിനിധികളും നബി ﷺ യും തമ്മിലുള്ള സംഭാഷണം തുടർന്നു. ഇരുവിഭാഗവും സന്ധിക്കു തയ്യാറായി. അത് എഴുതി പരസ്പരം കൈമാറി. അതിലെ തീരുമാനങ്ങൾ ഇപ്രകാരമായിരുന്നു.

1. പത്തുകൊല്ലം പരസ്പരം യുദ്ധം ചെയ്യുന്നതു നിർത്തുക.

2. മുസ്‌ലിംകളിൽ നിന്ന് ശത്രുഭാഗത്തേക്ക് തിരിച്ചു വന്നവരെ മടക്കി അയക്കുകയില്ല. എന്നാൽ ഖുറൈശികളിൽ നിന്നാരെങ്കിലും മുസ്‌ലിംകളുടെ ഭാഗത്തേക്ക് ചെന്നാൽ മടക്കി അയക്കണം.

3. ഉംറക്ക് വന്നവർ ഈ സമയം മടങ്ങിപ്പോകണം. അടുത്തവർഷം വന്നു ഉംറ നിർവഹിക്കുകയും മൂന്നു ദിവസം മക്കയിൽ താമസിക്കുകയും ചെയ്യാം.

4. മുസ്‌ലിംകളുടെ പക്ഷത്ത് ചേരാൻ ആഗ്രഹിക്കുന്ന മറ്റു ഗോത്രങ്ങൾക്ക് അങ്ങനെ ചെയ്യാം. അതുപോലെ ഖുറൈശികളുടെ ഭാഗത്ത് ചേരാൻ ഇഷ്ടപ്പെടുന്നവർക്ക് അങ്ങനെയും ചെയ്യാം. സഖ്യകക്ഷികൾക്കെതിരെ സഹായിക്കാൻ പാടില്ല.

മുസ്‌ലിംകൾ സന്ധിയനുസരിച്ച് മദീനയിലേക്ക് മടങ്ങിപ്പോവുകയും അടുത്ത വർഷം വന്ന് ഉംറ നിർവ്വഹിക്കുയും ചെയ്തു.

## മക്കാവിജയം

ഹുദൈബിയ്യാ സന്ധി പൂർണമായും മുസ്‌ലിംകൾ പാലിച്ചു. മദീനയിലേക്ക് ചെന്ന മുസ്‌ലിംകളെ മക്കയിലേക്ക് തന്നെ മടക്കി അയച്ചു. എന്നാൽ മടക്കി അയക്കപ്പെട്ടവർ മക്കയിലേക്ക് പോകാതെ

മറ്റൊരിടത്ത് പോയി താമസിച്ചുതുടങ്ങി. കച്ചവടത്തിനു പോകുന്ന ഖുറൈശികളെ വഴിതടഞ്ഞ് സ്വൈര്യക്കേടുണ്ടാക്കി. അതിനാൽ സന്ധി യിലെ രണ്ടാമത്തെ കരാർ മാറ്റണമെന്ന് ഖുറൈശികൾ ആവശ്യപ്പെട്ടു. മാത്രമല്ല മുസ്‌ലിംകളുടെ ഒരു സഖ്യകക്ഷിക്കെതിരായി ഖുറൈശികൾ അവരുടെ സഖ്യകക്ഷിയെ സഹായിച്ചു. ഈ സഹായം ഹുദൈബിയ്യാ സന്ധിയുടെ ലംഘനമായിരുന്നു. സന്ധിലംഘനം നടത്തിയ ഖുറൈശികളോട് യുദ്ധം ചെയ്യാൻ നബി ﷺ തീരുമാനിച്ചു. പതിനായിരത്തോളം വരുന്ന സൈന്യവുമായി മക്കയിലേക്ക് പുറപ്പെട്ടു. മക്കയുടെ അടുത്തെത്തിയപ്പോൾ സൈന്യത്തെ രണ്ടായി ഭാഗിച്ച് ഒരു ഭാഗം ഖാലിദ് ബ്നു വലീദ് رضي الله عنه വിന്റെ നേതൃത്വത്തിലും മറ്റൊരു ഭാഗം നബി ﷺ യുടെ തന്നെ നേതൃത്വത്തിലുമായി രണ്ടു ഭാഗത്തുകൂടി മക്കാ പട്ടണത്തിലേക്ക് നീങ്ങി. ഇങ്ങോട്ടെതിർക്കുന്നവരോട് മാത്രമേ യുദ്ധം ചെയ്യാവൂവെന്ന് ഖാലിദ് ബ്നു വലീദ് رضي الله عنه വിനോട് നബി ﷺ നിർദേശിച്ചിരുന്നു.

ഖാലിദ് ബ്നു വലീദ് رضي الله عنه മുമ്പോട്ട് നീങ്ങി. ചെറിയ ബലപ്രയോഗം ആവശ്യമായി വന്നു. രണ്ടു മുസ്‌ലിംകളും 14 മുശ്‌രിക്കുകളും കൊല്ലപ്പെട്ടു. നബി ﷺ യുടെ നേതൃത്വത്തിലുള്ള സൈന്യം എതിർപ്പുകളൊന്നും കൂടാതെ മക്കയിൽ പ്രവേശിച്ചു. സ്വന്തം വീട്ടിൽ വാതിൽ അടച്ചിരിക്കുന്നവർക്കും കഅ്ബയിൽ പ്രവേശിക്കുന്നവർക്കും അബൂസുഫ്‌യാൻ رضي الله عنه ന്റെ വീട്ടിൽ പ്രവേശിക്കുന്നവർക്കും അഭയം നൽകുമെന്ന് നബി ﷺ പ്രഖ്യാപിച്ചു.

റസൂൽ ﷺ യെ കഠിനമായി ദ്രോഹിക്കുകയും മർദ്ദിക്കുകയും ചെയ്തിരുന്നവരായിരുന്നല്ലോ മക്കാ മുശ്‌രിക്കുകൾ, നബി ﷺ യേയും

സ്വഹാബികളെയും അവർ നാട്ടിൽ നിന്ന് ആട്ടിപ്പുറത്താക്കി. മദീനയിലെത്തിയ അവരോട് യുദ്ധങ്ങൾ നടത്തി! ഇതെല്ലാം ചെയ്തിട്ടും നബി ﷺ ആ ശത്രുക്കൾക്ക് പൊതുമാപ്പ് നൽകി. നബി ﷺ യുടെ കാരുണ്യവും സ്നേഹവും കണ്ട് അവർ കൂട്ടത്തോടെ ഇസ്ലാമിലേക്ക് വന്നു.

അനന്തരം കഅബയുടെ അകത്തും പുറത്തും ഇബ്റാഹീം നബി (عليه السلام) ഉൾപ്പെടെ പല മഹാന്മാരുടേതുമായി ഉണ്ടായിരുന്ന മുന്നൂറ്റി അറുപതോളം പ്രതിമകളും വിഗ്രഹങ്ങളും നബി ﷺ എടുത്ത് പുറത്തേക്കെറിഞ്ഞു. ഇതോടെ കഅ്ബ ശിർക്കിൽ നിന്നും ശുദ്ധമായി. ബിലാൽ رضي الله عنه നബി ﷺ യുടെ കൽപന പ്രകാരം കഅ്ബയുടെ മുകളിൽ കയറി അത്യുച്ചത്തിൽ ബാങ്ക് വിളിച്ചു.

കഅ്ബയുടെ ചുറ്റുമുള്ള കുന്നുകളിൽ ആ ശബ്ദം മുഴങ്ങി. ഇതോടെ മക്കയും കഅ്ബയും മുസ്ലിംകൾക്കധീതമായി. ഹിജ്റ എട്ടാം വർഷം റമദാനിലായിരുന്നു ഈ സംഭവം.

## ഹജ്ജത്തുൽ വദാഅ്

മക്കാവിജയത്തോടെ ബഹുദൈവവിശ്വാസം അറേബ്യയിൽ തകർന്നു. ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്ലാമിലേക്ക് വന്നു. ഹുനൈൻ യുദ്ധവും തബൂക് യുദ്ധവും കഴിഞ്ഞു. അറേബ്യൻ ഉപദ്വീപിൽ മുഴുവൻ ഇസ്ലാം വ്യാപിച്ചു. പത്താം വർഷത്തിൽ ഒന്നേകാൽ ലക്ഷത്തോളം അനുയായികളുമൊന്നിച്ച് നബി ﷺ ഹജ്ജ് നിർവ്വഹിക്കാൻ മക്കയിലേക്ക് പുറപ്പെട്ടു. ഹജ്ജിന്റെ പൂർണരൂപം സ്വഹാബികൾക്ക് കാണിച്ചുകൊടുത്തു. എന്നിട്ടു പറഞ്ഞു. ഹജ്ജിന്റെ

കർമ്മങ്ങൾ എന്നിൽ നിന്ന് പഠിക്കുക. ദുൽഹിജ്ജ ഒമ്പതിന് അറഫയിലെ ജബലുർറഹ്മയിലെ ഒരു പാറക്കല്ലിൽ കയറി നിന്നുകൊണ്ട് നബി ﷺ ചരിത്ര പ്രസിദ്ധമായ വിടവാങ്ങൽ പ്രസംഗം നടത്തി. ആ പ്രസംഗത്തിന്റെ രത്നച്ചുരുക്കം ഇപ്രകാരമാണ്.

''അല്ലയോ മനുഷ്യരേ മേലിൽ ഇവിടെ വെച്ച് നിങ്ങളെ കാണുവാൻ എനിക്ക് സാധിച്ചില്ലെന്നു വരാം. നിങ്ങൾ പരസ്പരം രക്തം ചിന്തരുത്. അന്യായമായി ധനം സമ്പാദിക്കുകയോ പലിശ വാങ്ങുകയോ ചെയ്യരുത്. ദുരാചാരങ്ങൾ പ്രവർത്തിക്കരുത്. ഭാര്യാഭർത്താക്കൾക്ക് പരസ്പരം അവകാശങ്ങളും കടമകളുമുണ്ട്. അവ പൂർണമായും നിറവേറ്റണം. സ്ത്രീകളെ ദ്രോഹിക്കരുത്.''

ഇസ്‌ലാമിക ശരീഅത്ത് പൂർത്തിയായെന്ന് പ്രഖ്യാപിച്ചുകൊണ്ട് അല്ലാഹുവിന്റെ വഹ്‌യ് ഇറങ്ങി. ''ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ പൂർത്തിയാക്കുകയും ചെയ്തിരിക്കുന്നു. ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.'' (5:3)

## നബി ﷺ യുടെ വഫാത്ത്

നബി ﷺ ഹജ്ജ് നിർവ്വഹിച്ച് മദീനയിൽ മടങ്ങിയെത്തി. ഹിജ്റ 11ാം വർഷം സ്വഫർ മാസം അവസാനത്തിൽ നബി ﷺ ക്ക് പനി തുടങ്ങി. മറ്റു ഭാര്യമാരുടെ അനുമതിയോടെ ആയിശ (رضي الله عنها) യുടെ വീട്ടിൽ സുഖമില്ലാതെ കിടപ്പിലായി. രോഗം ദിനംപ്രതി വർദ്ധിച്ചു. ജമാഅത്ത് നിസ്കാരത്തിന് പള്ളിയിൽ പോകാൻ കഴിയാതായി. അബൂബക്ർ رضي الله عنه ആയിരുന്നു. നിസ്കാരത്തിന് ഇമാമായി നിന്നിരുന്നത്.

രോഗം കഠിനമായി. നബി ﷺ പള്ളിയിൽ വരാതിരിക്കുന്നതിൽ ജനങ്ങൾ വളരെ വ്യസനിച്ചു. അവരുടെ ദുഃഖം മനസ്സിലാക്കിയ നബി ﷺ ഫദ്ൽ ബ്നു അബ്ബാസ് رضي الله عنه, അലിയ്യുബ്നു അബീത്വാലിബ് رضي الله عنه എന്നിവരുടെ ചുമലിൽ ഊന്നിക്കൊണ്ട് പള്ളിയിൽ വന്ന് മിമ്പറിന്റെ താഴെ പടിയിലിരുന്നു. ജനങ്ങളോട് ഇപ്രകാരം ഉപദേശിച്ചു.

നിങ്ങൾ എന്റെ മരണത്തെക്കുറിച്ച് ഭയപ്പെടുകയാണോ? എനിക്ക് മുമ്പ് ഒരു പ്രവാചകനും മരിക്കാതിരുന്നിട്ടില്ല. മുഹാജിറുകളും അൻസ്വാറുകളുമായ നിങ്ങൾ പരസ്പരം ക്ഷമയോടും ഗുണകാംക്ഷയോടും കൂടി ജീവിക്കണം. ഞാൻ നിങ്ങളുടെ മുമ്പെ പോകുന്നു. നിങ്ങളും പിന്നീട് വന്നുചേരും. നാം ഇനി കണ്ടുമുട്ടുന്നത് പരലോകത്തിൽ വെച്ചായിരിക്കും. അവിടെ എന്റെ സാമീപ്യം ആഗ്രഹിക്കുന്നവർ അവരുടെ നാവും കയ്യും അടക്കിവെക്കണം. ഇതായിരുന്നു നബി ﷺ യുടെ അവസാനത്തെ പ്രസംഗം.

നബി ﷺ യുടെ പനി പിന്നെയും വർദ്ധിച്ചു. റബീഉൽ അവ്വൽ 12 ന് (എ.ഡി 633 ജൂൺ 8 ന്) തിങ്കളാഴ്ച്ച പ്രഭാതസമയത്ത് നബി ﷺ പരലോകം പ്രാപിച്ചു. അന്ന് നബി ﷺ ക്ക് 63 വയസ്സ് പൂർത്തിയായ ദിവസമായിരുന്നു. മരണവാർത്തയറിഞ്ഞ എല്ലാവരും അഗാധ ദുഃഖത്തിലും വ്യസനത്തിലുമായി. നബി ﷺ യുടെ പിതൃവ്യൻ അബ്ബാസ് رضي الله عنه വും അദ്ദേഹത്തിന്റെ മക്കളും അലിയ്യുബ്നു അബീത്വാലിബ് رضي الله عنه വും ചേർന്നാണ് മയ്യിത്ത് കുളിപ്പിച്ചത്. മൂന്ന് വസ്ത്രത്തിൽ കഫൻ ചെയ്യുകയും മയ്യിത്ത് നിസ്കാരാനന്തരം അൽ മസ്ജിദുന്നബവിയോട് ചേർന്ന് കിടന്നിരുന്ന ആയിശ (رضي الله عنها) യുടെ വീട്ടിൽ മറമാടപ്പെടുകയും ചെയ്തു.

## പ്രവാചകന്റെ സ്വഭാവ മഹിമകൾ

ലോകജനതക്ക് കാരുണ്യമായും മാതൃകാപുരുഷനായും നിയോഗിക്കപ്പെട്ട നബി ﷺ ഉത്തമ സ്വഭാവഗുണമുള്ള വ്യക്തി യായിരുന്നു. കാരുണ്യം, ദയ, സത്യസന്ധത, വിനയം, ധൈര്യം, വാഗ്ദത്തപാലനം, നീതി, ഉദാരത, ശാരീരിക ശുദ്ധി, ആത്മീയ വിശുദ്ധി തുടങ്ങി ഒട്ടേറെ സൽഗുണങ്ങൾ നബി ﷺ ക്കുണ്ടായിരുന്നു. ബുദ്ധി ശക്തിയിലും നബി ﷺ പരിപൂർണ്ണനായിരുന്നു. ഒത്ത വലിപ്പവും ആകർഷകമായ സുന്ദരരൂപവുമുണ്ടായിരുന്നു. ആരെയും വശീകരിക്കും വിധം വ്യക്തമായും സ്ഫുടമായുമായിരുന്നു സംസാരം. നടപ്പും ഇരുപ്പും കിടപ്പുമൊക്കെ കൃത്യതയോടെയും ചിട്ടയോടെയുമായിരുന്നു. പെരുമാറ്റവും സ്വഭാവങ്ങളും എല്ലാവരെയും ആകർഷിക്കും വിധമായിരുന്നു.

അറിവില്ലായ്മ നിമിത്തം തന്നെ ദ്രോഹിച്ചവരോട് നബി ﷺ പകയോടെ പെരുമാറിയില്ല. ത്വാഇഫിലേക്ക് പ്രബോധനത്തിന് പോയപ്പോൾ കല്ലെറിഞ്ഞാട്ടിയോടിച്ച ജനങ്ങളെ ശിക്ഷിക്കരുതെന്നും അവർക്ക് മാപ്പ് നൽകണമെന്നും അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണ് നബി ﷺ ചെയ്തത്. മക്കാ വിജയാനന്തരം ഖുറൈശികൾക്ക് മുഴുവൻ പൊതുമാപ്പ് നൽകി. എത്രമാത്രം വിശാല മായ മനഃസ്ഥിതി.

ചോദിച്ചു വരുന്ന ആരെയും വെറും കയ്യോടെ മടക്കി അയച്ചില്ല. ദരിദ്രനായിരുന്നിട്ടും ഉള്ളത് മുഴുവൻ കൊടുക്കുമായിരുന്നു. ഒരിക്കൽ ഒരു ഗ്രാമീണ അറബി നബി ﷺ യുടെ കഴുത്തിൽ മുണ്ടിട്ടു വലിച്ചു. കഴുത്തിൽ രക്തം പൊടിഞ്ഞു. എന്നിട്ട് അയാൾ പറഞ്ഞ

തെന്താണെന്നോ! 'മുഹമ്മദ്, എനിക്കെന്തെങ്കിലും തരൂ.' പുഞ്ചിരിച്ചു കൊണ്ട് അയാൾക്ക് എന്തെങ്കിലും കൊടുക്കാൻ കൂടെയുള്ളവരോട് നബി ﷺ ആവശ്യപ്പെട്ടു.

നീതിയുടെ കാര്യത്തിൽ നബി ﷺ വളരെ മുൻപന്തിയിലായിരുന്നു. കുറ്റം ചെയ്തവർ ആരായിരുന്നാലും അല്ലാഹു നിശ്ചയിച്ച ശിക്ഷ നൽകി. എന്റെ മകൾ ഫാത്തിമ മോഷ്ടിച്ചാൽ അവളുടെ കരം ഞാൻ ഛേദിക്കുമെന്ന് പ്രഖ്യാപിച്ചു.

അസാമാന്യ ധൈര്യമായിരുന്നു പ്രവാചകന്റേത്. ഒരു യുദ്ധയാത്രയിൽ മരുഭൂമിയിൽ ഒരു മരച്ചുവട്ടിൽ ഉറങ്ങാൻ കിടന്നു. വാൾ ആ മരത്തിൽ കൊളുത്തിയിട്ടുണ്ടായിരുന്നു. ഒരാൾ വന്ന് അതെടുത്ത് നബി ﷺ യുടെ നേരെ ഉയർത്തിക്കൊണ്ട് ചോദിച്ചു. 'മുഹമ്മദ്! ഞാൻ നിന്നെ ഇതുകൊണ്ട് കൊല്ലുകയാണെങ്കിൽ നിന്നെ ആര് രക്ഷിക്കും?' യാതൊരു സങ്കോചവും, കൂടാതെ നബി ﷺ പറഞ്ഞു: അല്ലാഹു. അത് കേട്ടപ്പോൾ അയാളുടെ കയ്യിൽ നിന്നും വാൾ താഴെ വീണു. നബി ﷺ അയാളെ വിട്ടയച്ചു.

ഒരിക്കലും സമൂഹത്തിൽ നിന്ന് മാറി ഒരു ഉന്നതജീവിതം നബി ﷺ നയിച്ചിരുന്നില്ല. ഖന്തക്ക് യുദ്ധത്തിൽ വിശപ്പുസഹിച്ച് വയറ്റിൽ കല്ല് വെച്ച് കെട്ടി സ്വഹാബത്തിനോടൊപ്പം കിടങ്ങു കുഴിച്ചു. അതുപോലെ അവരുടെ എല്ലാ സാമൂഹ്യ പ്രശ്നങ്ങളിലും അവരോടൊപ്പം പങ്കുചേർന്നു.

ഇങ്ങനെ എല്ലാ സൽഗുണങ്ങളുടെയും കേന്ദ്രമായിരുന്നു നബി ﷺ എന്നാൽ തന്നെ പുകഴ്ത്തിപ്പറയരുതെന്ന് നബി ﷺ സ്വഹാബികളോട് പ്രത്യേകം ഉണർത്തി. നബി ﷺ യുടെ മാതൃക പിന്തുടർന്ന് സൽസ്വഭാവത്തോടെ ജീവിക്കലാണ് നമ്മുടെ ബാധ്യത. അതിൽ മാത്രമാണ് നമ്മുടെ വിജയം.

# പഠന പ്രവർത്തനങ്ങൾ

## പകരംപദം എഴുതുക:

1. രോഗം ______________________
2. കുറ്റം ______________________
3. സാമീപ്യം ______________________
4. സങ്കോചം ______________________
5. സന്ധി ______________________

## ചേർത്തെഴുതുക:

1. മരം + ചുവട് = ______________________
2. വിശപ്പ് + സഹിച്ച് = ______________________
3. അറിവ് + ഇല്ലായ്മ = ______________________
4. മക്ക + വിജയം = ______________________
5. ശത്രു + പക്ഷം = ______________________

## ചിഹ്നം ചേർത്തെഴുതുക:

1. മദ_ന
2. _പ_വശ_ക്ക_ൻ
3. പര_ജയ_
4. ഖ_ _റശ_
5. വർധ_ച്ച_

## ചേരുംപടി ചേർക്കുക:

| | |
|---|---|
| 1. അബൂസുഫ്യാൻ ﵁ | ഉഹ്ദ് |
| 2. അബ്ദുല്ലാഹിബ്നു ജുബൈർ ﵁ | ബൈഅത്തു രിള്‌വാൻ |
| 3. ഉഥ്മാൻ ബ്നു അഫ്ഫാൻ ﵁ | കഅ്ബയിലെ ബാങ്ക് |
| 4. ബിലാൽ ﵁ | ഖന്തക്ക് |
| 5. അഹ്സാബ് | കച്ചവട സംഘം |

## ഒറ്റവാക്കിൽ ഉത്തരം പറയുക:

1. ഉഹ്ദ് യുദ്ധക്കളത്തിലേക്ക് കടന്നാക്രമണം നടത്തിയ ശത്രുഭടൻ?
2. ഖന്തക്ക് യുദ്ധത്തിന്റെ മറ്റൊരു നാമം?
3. ഉഹ്ദ് യുദ്ധത്തിൽ മരിച്ച നബി ﷺ യുടെ പിതൃവ്യൻ?
4. നബി ﷺ യുടെ ഖബ്ർ സ്ഥിതി ചെയ്യുന്ന സ്ഥലം?
5. ആരുടെ വീട്ടിൽ പ്രവേശിച്ചവർക്കാണ് നബി ﷺ അഭയം നൽകിയത്?

## ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:

1. ഖന്തക്ക് യുദ്ധത്തിനു കാരണമെന്ത്?
2. ഉഹ്ദ് യുദ്ധം പരാജയപ്പെടാൻ പ്രധാന കാരണം.
3. ബദ്ർ യുദ്ധം കൊണ്ടുണ്ടായ നേട്ടങ്ങൾ എന്തെല്ലാം?

## ഉത്തരമെഴുതുക:

1. ബൈഅത്തു രിള്‌വാൻ എന്തെന്ന് വ്യക്തമാക്കുക?
2. മദീനയിലെത്തിയ നബി ﷺ ജൂതന്മാരുമായി സന്ധി ഉണ്ടാക്കിയതെന്തിന്?
3. ഇസ്‌ലാമിക ശരീഅത്ത് പൂർത്തിയായത് എപ്പോൾ? അതിൽ എന്തെല്ലാം കാര്യങ്ങൾ അടങ്ങിയിരുന്നു?
4. ബദ്ർ യുദ്ധത്തിന് കാരണമെന്ത്?

5. ഹുദൈബിയ്യാ സന്ധി ഉണ്ടായതെങ്ങനെ?

6. ഹജ്ജത്തുൽ വിദാഇൽ നബി ﷺ ഉപദേശിച്ചതെന്തെല്ലാം?

# പാഠം 4

# അൽ ഖുലഫാഉർറാശിദൂൻ

നബി ﷺ യുടെ വിയോഗാനന്തരം മുസ്‌ലിംകളുടെ മതപരവും സാമുദായികവുമായ നേതൃത്വം ഏറ്റെടുത്തു ഭരണം നടത്തിയവർക്കാണ് അൽ ഖുലഫാഉർറാശിദൂൻ എന്നു പറയുന്നത്. ഇവരുടെ ഭരണകാലത്തിന് 'അൽ ഖിലാഫത്തുർറാഷിദ' എന്നും പറയുന്നു. മുപ്പതു വർഷം നീണ്ടു നിന്ന ഈ കാലത്ത് നാലു ഖുലഫാഅ് ഭരിച്ചു. അവരെ സംബന്ധിച്ച് അൽപം നമുക്ക് പഠിക്കാം.

## അബൂബക്ർ സ്വിദ്ദീഖ് رضي الله عنه

നബി ﷺ ജനിച്ച് രണ്ടു വർഷം കഴിഞ്ഞാണ് അബൂബക്ർ ﷺ ജനിച്ചത്. പിതാവ് അബൂ ഖുഹാഫ رضي الله عنه വും മാതാവ് ഉമ്മുൽ ഖൈറും ആയിരുന്നു. ചെറുപ്പം മുതൽ നബി ﷺ യുടെ സുഹൃത്തായിരുന്നു. ജനങ്ങളും അബൂബക്ർ رضي الله عنه വിനെ ഇഷ്ടപ്പെട്ടിരുന്നു. നബി ﷺ പറഞ്ഞതെല്ലാം സംശയം കൂടാതെ വിശ്വസിച്ചതിനാലാണ് സ്വിദ്ദീഖ് എന്ന ബഹുമതി നാമം സിദ്ധിച്ചത്. അദ്ദേഹത്തിന്റെ മകൾ ആയിശ (رضي الله عنها) യെ നബി ﷺ ക്ക് വിവാഹം ചെയ്തുകൊടുത്തു. നബി ﷺ യുടെ മദീനാ ഹിജ്റ വേളയിൽ നബി ﷺ യോടൊപ്പം അദ്ദേഹമാണ് ഉണ്ടായിരുന്നത്. നബി ﷺ രോഗബാധിതനായപ്പോൾ നിസ്കാരത്തിന് പള്ളിയിൽ ഇമാമായി നിന്നത് അദ്ദേഹമായിരുന്നു.

കച്ചവടം ചെയ്തു ജീവിച്ചിരുന്ന അദ്ദേഹം ധനികനായിരുന്നു. തന്റെ ധനം മുഴുവൻ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചു. എത്രയോ അടിമകളെ പണം കൊടുത്തു വാങ്ങി സ്വാതന്ത്ര്യരാക്കുകയുണ്ടായി.

വിശുദ്ധ ഖുർആൻ മനോഹരമായ ശബ്ദത്തിൽ അദ്ദേഹം ഓതാറുണ്ടായിരുന്നു. അർത്ഥമോർത്ത് കരഞ്ഞുകൊണ്ടാണ് അദ്ദേഹം ഖുർആൻ ഓതുക. അതുകേട്ടു ആളുകൾ ചുറ്റുംകൂടും.

നബി ﷺ യുടെ വിയോഗാനന്തരം അദ്ദേഹം ഖിലാഫത്ത് ഏറ്റെടുത്തു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഇസ്‌ലാം പേർഷ്യയിലേക്കും റോമിലേക്കും വ്യാപിക്കുവാൻ തുടങ്ങി. നബി ﷺ യുടെ വിയോഗാനന്തരം മതത്തിൽ നിന്ന് ഭ്രഷ്ടരായവരെ മതത്തിലേക്ക് തിരിച്ചു കൊണ്ടുവന്നു. രണ്ടു വർഷവും മൂന്നു മാസവും ഭരിച്ചു. 63ാം വയസ്സിൽ വഫാത്തായി. നബി ﷺ യുടെ ഖബറിന് അരികെ മറമാടപ്പെട്ടു.

## ഉമറുൽ ഫാറൂഖ് رضي الله عنه

നബി ﷺ ജനിച്ച് പതിമൂന്ന് വർഷം കഴിഞ്ഞാണ് ഉമറുൽ ഫാറൂഖ് رضي الله عنه ജനിച്ചത്. ചെറുപ്പം മുതൽക്കേ ധീരനായിരുന്നു. അദ്ദേഹം. ഇസ്‌ലാമിന്റെ ആരംഭഘട്ടത്തിൽ നബി ﷺ യുടെ കഠിനശത്രുവായിരുന്നു. നബി ﷺ യെ കൊല്ലാൻ ഊരിപ്പിടിച്ച വാളുമായി പുറപ്പെട്ട അദ്ദേഹം തന്റെ സഹോദരി ഫാത്തിമ (رضي الله عنها) യുടെ വീട്ടിൽ നിന്ന് ഖുർആൻ കേൾക്കാനിടയായി. അതിൽ ആകൃഷ്ടനായി നബി ﷺ യുടെ അടുക്കൽ ചെന്ന് ഇസ്‌ലാം സ്വീകരിച്ചു.

ഉമർ ﷺ വിന്റെ ഇസ്ലാം സ്വീകരണത്തോടെ ഇസ്ലാമിന് കൂടുതൽ ശക്തി ലഭിച്ചു. കൂടുതൽ വേഗത്തിൽ അത് പ്രചരിക്കാൻ തുടങ്ങി. നബി ﷺ അദ്ദേഹത്തെ അൽ ഫാറൂഖ് എന്നുവിളിച്ചു. നബി ﷺ ക്ക് അദ്ദേഹത്തെ വളരെ ഇഷ്ടമായിരുന്നു. ഉമർ ﷺ തന്റെ മകൾ ഹഫ്സ്വ (رضي الله عنها) യെ നബി ﷺ ക്ക് വിവാഹം ചെയ്തുകൊടുത്തു.

അബൂബക്ർ ﷺ മരിക്കുന്നതിനുമുമ്പ് തന്നെ ഉമർ ﷺ വിനെ ഖലീഫയായി നിർദേശിച്ചുകൊണ്ട് വസ്വിയ്യത്ത് എഴുതിവെച്ചിരുന്നു. ഉമർ ﷺ വിന്റെ ഭരണകാലത്ത് ഇറാൻ, ഇറാഖ്, ഫലസ്തീൻ, ഈജിപ്ത് മുതലായ സ്ഥലങ്ങളിലുടനീളം ഇസ്ലാം പ്രചരിച്ചു. ആ പ്രദേശങ്ങൾ ഇസ്ലാമിന്റെ ഭരണത്തിൻ കീഴിലായി. നീതിമാനായ ഭരണാധികാരിയായിരുന്നു അദ്ദേഹം. മുസ്ലിംകളുടെ ഒട്ടകങ്ങൾ മേയുന്ന പൊതുമൈതാനിയിൽ, അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലയുടെ ഒട്ടകവും മേഞ്ഞുനടന്നിരുന്നു. ഖലീഫയുടെ മകന്റെ ഒട്ടകമായതിനാൽ ഇടയന്മാർ അതിന് കൂടുതൽ പുല്ലും വെള്ളവും നൽകി. ഒട്ടകം തടിച്ചുകൊഴുത്തു. ഇതറിഞ്ഞ ഉമറുൽ ഫാറൂഖ് ﷺ ആ ഒട്ടകത്തെ വിറ്റ് കൂടുതൽ കിട്ടിയ തുക പൊതു ഫണ്ടിൽ നിക്ഷേപിച്ചു.

അദ്ദേഹം ഒരിക്കൽ ഒരു വലിയ കുപ്പായം ധരിച്ചു മിമ്പറിൽ കയറി. അത്രവലിയ കുപ്പായമുണ്ടാക്കാനുള്ള ശീല അദ്ദേഹം പൊതുസ്വത്തിൽ നിന്ന് എടുത്തതാണെന്ന് ജനങ്ങൾ ആക്ഷേപിച്ചു. എന്നാൽ സദസ്സിൽ നിന്ന് മകൻ അബ്ദുല്ല ﷺ എഴുന്നേറ്റു നിന്ന് കൊണ്ടുപറഞ്ഞു: എനിക്കു ലഭിച്ച ശീല വാപ്പക്ക് കൊടുത്തതു കൊണ്ടാണ് വാപ്പ വലിയ കുപ്പായമുണ്ടാക്കിയിട്ടുള്ളത്. ഇതുകേട്ട് ജനങ്ങൾക്ക് സന്തോഷമായി.

ഒരുദിവസം സുബ്ഹി നിസ്കരിച്ചു കൊണ്ടിരിക്കുമ്പോൾ

അബൂ ലുഅലുഅ് എന്ന അഗ്നിയാരാധകൻ ഉമർ ﷺ വിന്റെ വയറിനു കുത്തി. അതുമൂലം അദ്ദേഹം മരണപ്പെട്ടു. മരിക്കുമ്പോൾ അറുപത്തിമൂന്ന് വയസ്സായിരുന്നു പ്രായം. പത്തര വർഷമാണ് അദ്ദേഹം ഭരണം നടത്തിയത്. നബി ﷺ യുടെയും അബൂബക്ർ ﷺ വിന്റേയും ഖബറിനടുത്ത് മറമാടപ്പെട്ടു.

## ഉഥ്മാൻ ബ്നു അഫ്ഫാൻ ﷺ

നബി ﷺ ജനിച്ചു 5 വർഷം കഴിഞ്ഞാണ് ഉഥ്മാൻ ബ്നു അഫ്ഫാൻ ﷺ ജനിച്ചത്. ബനൂ ഉമയ്യ വംശത്തിലാണദ്ദേഹം പിറന്നത്. ഇസ്‌ലാമിന്റെ ആദ്യഘട്ടത്തിൽ തന്നെ ഇസ്‌ലാം സ്വീകരിച്ചു. ശത്രുക്കളുടെ ഉപദ്രവം അദ്ദേഹം വളരെയേറെ സഹിച്ചിട്ടുണ്ട്. അദ്ദേഹവും പത്നി പ്രവാചകപുത്രിയായ റുഖയ്യ (ﷺ) യും എത്യോപ്യയിലേക്ക് ഹിജ്റ പോവുകയുണ്ടായിട്ടുണ്ട്.

സമ്പന്നനായിരുന്ന അദ്ദേഹം തന്റെ ധനം നിർലോഭം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചു. മദീനായിലെ ബിഅ്റുറൂമ എന്ന കിണർ വിലകൊടുത്തു വാങ്ങി, മുസ്‌ലിംകളുടെ പൊതു ആവശ്യത്തിന് ദാനം ചെയ്തു. നബി ﷺ യുടെ രണ്ടു പുത്രിമാരെ (റുഖയ്യ (ﷺ), ഉമ്മു കുൽസൂം (ﷺ)) വിവാഹം ചെയ്തതിനാൽ ദുന്നൂറൈൻ എന്ന കീർത്തിനേടി. ഹുദൈബിയ്യാ സന്ധി കാലത്ത് ഖുറൈശികളുമായി സംഭാഷണം നടത്താൻ നബി ﷺ യുടെ പ്രതിനിധിയായി ഉഥ്മാൻ ﷺ പോവുകയുണ്ടായത് നിങ്ങൾ പഠിച്ചുവല്ലോ.

ഉമർ ﷺ അടുത്ത ഖലീഫയെ തെരഞ്ഞെടുക്കുവാൻ നിയോഗിച്ച ആറംഗ സമിതി അദ്ദേഹത്തിന്റെ വിയോഗാനന്തരം യോഗം ചേർന്ന്

ഉഥ്മാൻ ﵁ വിനെ ഖലീഫയായി തെരഞ്ഞെടുത്തു. വിനയാന്വിതനും ശാന്തപ്രകൃതനും, സമാധാനപ്രിയനുമായിരുന്നു അദ്ദേഹം. മാതൃകാപരമായി ഭരണം നടത്തി. വിട്ടുവീഴ്ചയോടെ പെരുമാറി. ഭരണകാലത്ത് ഇസ്‌ലാം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിച്ചു. അദ്ദേഹത്തിന്റെ ഭരണത്തിന്റെ അവസാനകാലത്ത് ചില സാമൂഹ്യദ്രോഹികൾ രാജ്യത്ത് കുഴപ്പമുണ്ടാക്കി. അതിന്റെ ഫലമായി അദ്ദേഹം വധിക്കപ്പെട്ടു. പന്ത്രണ്ടു കൊല്ലത്തെ ഭരണത്തിനു ശേഷം ഹിജ്റ 35 ൽ കൊല്ലപ്പെട്ടപ്പോൾ അദ്ദേഹത്തിന് 82 വയസ്സ് പ്രായമായിരുന്നു. മദീനയിലെ ബഖീഅ് എന്ന ശ്മശാനത്തിൽ മറമാടപ്പെട്ടു.

## അലിയ്യുബ്നു അബീത്വാലിബ് ﵁

നബി ﷺ യുടെ പിതൃവ്യപുത്രൻ അലി ﵁ നുബുവ്വത്തിന്റെ എട്ടുവർഷം മുമ്പാണ് ജനിച്ചത്. ഫാത്തിമ ബിൻത്ത് അസദ് ആണ് മാതാവ്. നബി ﷺ യിൽ വിശ്വസിച്ച ആദ്യ ബാലനാണദ്ദേഹം. നബി ﷺ യുടെ മകൾ ഫാത്തിമ (﵂) യെ അദ്ദേഹം വിവാഹം ചെയ്തു.

അസാമാന്യ ബുദ്ധിശക്തി, ധീരത എന്നിവ അദ്ദേഹത്തിന്റെ സവിശേഷതകളാണ്. മതപണ്ഡിതൻ, യുദ്ധതന്ത്രജ്ഞൻ, പ്രസംഗകൻ എന്നീ നിലകളിലും അദ്ദേഹം പ്രസിദ്ധനാണ്. മക്കാ മുശ്‌രിക്കുകൾ നബി ﷺ യെ വധിക്കാൻ വീടു വളഞ്ഞപ്പോൾ അലി ﵁ കട്ടിലിൽ മൂടിപ്പുതച്ചു കിടന്ന് നബി ﷺ യെ രക്ഷിക്കാൻ ധൈര്യം കാണിച്ചു. നബി ﷺ യുടെ കാലത്തുണ്ടായ മിക്ക യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. യുദ്ധരംഗത്ത് ധീരത കാണിച്ചിരുന്ന അദ്ദേഹം അസദുല്ല എന്ന

പേരിലാണ് അറിയപ്പെടുന്നത്.

ഉഥ്മാൻ ﵁ വിന്റെ വധത്തിനു ശേഷം മുസ്ലിംകൾ അവരുടെ ഭരണാധികാരിയായി അലി ﵁ വിനെ തെരഞ്ഞെടുത്തു. നാലു വർഷവും ഒമ്പതുമാസവും അദ്ദേഹം ഭരണം നടത്തി. നാട്ടിലുണ്ടായ കുഴപ്പങ്ങൾ നിമിത്തം ചിലർ അലി ﵁ വിനെ വധിക്കാൻ ഗൂഢാലോചന നടത്തി. അതിന്റെ ഫലമായി ഹിജ്റ 40 ൽ കൂഫയിൽ വെച്ച് അബ്ദുറഹ്മാൻ ബ്നു മുൽജിം എന്നൊരാൾ അലി ﵁ കൊലപ്പെടുത്തി. കൂഫയിലാണദ്ദേഹത്തിന്റെ ഖബ്ർ സ്ഥിതിചെയ്യുന്നത്.

അലി ﵁ വിന്റെ വധത്തോടെ അൽ ഖിലാഫത്തുർ റാഷിദ അവസാനിച്ചു. ഖുർആനും സുന്നത്തിനുമനുസൃതമായാണ് ഈ നാലു ഖലീഫമാരും ഭരണം നടത്തിയത്. അല്ലാഹു അവരോടൊപ്പം നമ്മെയും സ്വർഗാവകാശികളാക്കട്ടെ.

# പഠന പ്രവർത്തനങ്ങൾ

## പട്ടിക പൂർത്തിയാക്കുക:

| | |
|---|---|
| 1. നടത്തിയ ഭരണം | ഭരണം നടത്തി |
| 2. വന്ന കുട്ടി | |
| 3. കണ്ട കാഴ്ച | |
| 4. പോയ കാലം | |

## പിരിച്ചെഴുതുക:

1. മുപ്പതുവർഷം ____________ + ____________
2. വിയോഗാനന്തരം ____________ + ____________
3. സ്വർഗാവകാശി ____________ + ____________

## മാതൃകപോലെ എഴുതുക:

1. ഭരിച്ചു – ഭരിക്കുക
2. കൊടുത്തു –
3. ജനിച്ചു –
4. വധിച്ചു –

## പേരുപറയുക:

1. ഉമർ ﵁ വിന്റെ സഹോദരി ?
2. അലി ﵁ വിന്റെ മാതാവ് ?
3. അബൂബക്ർ ﵁ വിന്റെ പിതാവ് ?

4. ഉഥ്മാൻ ﵁ വിന്റെ ആദ്യഭാര്യ

## ചേരുംപടി ചേർക്കുക:

| | |
|---|---|
| 1. അബൂബക്ർ ﵁ | ഫാറൂഖ് |
| 2. ഉമർ ﵁ | അസദുല്ല |
| 3. ഉഥ്മാൻ ﵁ | സ്വിദ്ദീഖ് |
| 4. അലി ﵁ | ദുന്നൂറൈൻ |

## ഉത്തരമെഴുതുക:

1. ഉമർ ﵁ ഇസ്‌ലാം സ്വീകരിച്ചതെങ്ങനെ?
2. അബൂബക്ർ ﵁ വിന്റെ സ്വഭാവസവിശേഷതകളെന്തെല്ലാം?
3. ഉഥ്മാൻ ﵁ വിന്റെ ദാനശീലം വിവരിക്കുക.
4. അലി ﵁ വിന്റെ പ്രത്യേകതകളെന്തെല്ലാം?
5. ഉമർ ﵁ നീതിമാനായ ഭരണാധികാരിയായിരുന്നു. സമർഥിക്കുക.

# NOTES

# ഇസ്‌ലാമിക ചരിത്ര പാഠങ്ങൾ

## ഭാഗം നാല്